# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2025 മാർച്ച് 19, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--317]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 4498 മുതൽ 4594 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 4595 മുതൽ 4647 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 4648 മുതൽ 4739 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 4740 മുതൽ 4814 വരെ |

**പൂഞ്ഞാർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ**

4498 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ആയതിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതർ**

4499 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**ലൈഫ് ഭവന പദ്ധതി**

4500 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നൽകിയിട്ടുണ്ടെന്ന വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

## ആദിവാസി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ വീട്

4501 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര ആദിവാസി കുടുംബങ്ങൾക്ക് വീട് വച്ച് നൽകിയിട്ടുണ്ട്; ഈയിനത്തിൽ ചെലവായ തുകയെത്ര; പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് പദ്ധതിയിലേക്ക് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ സേഫ് പദ്ധതി

4502 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജക മണ്ഡലത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## അട്ടപ്പാടി ഭൂമി കൈയ്യേറ്റം

4503 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖ ഉണ്ടാക്കി അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈയ്യേറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വകുപ്പ് ഏതൊക്കെ തലങ്ങളിലുള്ള അന്വേഷണങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>മങ്കട മണ്ഡലത്തിലെ പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് ഭൂമിയും വീടും</u>

4504 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മങ്കട മണ്ഡലത്തില്‍ എത്ര പട്ടികവര്‍ഗ്ഗ കുടുംബങ്ങളുണ്ടെന്നും ഇതില്‍ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങള്‍ക്ക് സ്ഥലവും വീടും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>വൈപ്പിന്‍ മണ്ഡലത്തിലെ സേഫ് പദ്ധതി</u>

4505 **ശ്രീ. കെ.എന്‍. ഉണ്ണികൃഷ്ണന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് നാളിതുവരെയായി സേഫ് പദ്ധതി പ്രകാരം എത്ര വീടുകള്‍ നവീകരിച്ച് നല്‍കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകള്‍ ലഭിച്ചിരുന്നുവെന്നും മുഴുവന്‍ അപേക്ഷകളിലും തീരുമാനമെടുക്കുവാന്‍ കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) സേഫ് പദ്ധതിയുടെ ധനസഹായ വിഹിതം ഉയര്‍ത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് മിഷന്‍</u>

4506 **ശ്രീ. പി.വി. ശ്രീനിജിന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് കുന്നത്തുനാട് മണ്ഡലത്തില്‍ ലൈഫ് മിഷന്‍ വഴി എത്ര പട്ടികജാതി കുടുംബങ്ങള്‍ക്ക് ഭവനങ്ങള്‍ ലഭ്യമാക്കിയെന്ന് പഞ്ചായത്തുതല കണക്ക് ലഭ്യമാക്കാമോ;

(ബി) പട്ടികജാതി കുടുംബങ്ങളില്‍പ്പെട്ട എത്ര അപേക്ഷകര്‍ക്ക് ഇത്തരത്തില്‍ ഭവനങ്ങള്‍ ലഭ്യമാക്കാനുണ്ടെന്ന് പഞ്ചായത്തുതല കണക്ക് വ്യക്തമാക്കാമോ;

(സി) അര്‍ഹരായ മുഴുവന്‍പേര്‍ക്കും ലൈഫ് മിഷന്‍ മുഖേന വേഗത്തില്‍ ഭവനങ്ങള്‍ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് ഭൂമിയും വീടും</u>

4507 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്കു പട്ടിക ജാതി, പട്ടിക വര്‍ഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മങ്കട മണ്ഡലത്തിലെ പട്ടികജാതി-പട്ടികവര്‍ഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതില്‍ സ്വന്തമായി ഭൂമിയും വീടുമില്ലാത്തതും ഭൂമിയും വീടും അനുവദിക്കുവാന്‍ സര്‍ക്കാരിന്റെ പദ്ധതികളില്‍ നാളിതുവരെ ഉള്‍പ്പെട്ടിട്ടില്ലാത്തതുമായ കുടംബങ്ങള്‍ എത്ര; തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടുമനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## മണ്ണും വീടും പദ്ധതി

4508 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണും വീടും പദ്ധതി പ്രകാരം ഗുണഭോക്താൾക്ക് ഭൂമി ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) റിയൽ എസ്റ്റേറ്റ് മാഫിയയും ഉദ്യോഗസ്ഥരും ചില ജന പ്രതിനിധികളും വാസയോഗ്യമല്ലാത്ത ഭൂമി നൽകി ഗുണഭോക്താക്കളെ കബളിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ അന്വേഷണം നടത്തുമോയെന്നും ഇപ്രകാരം സർക്കാരിനെയും ഗുണഭോക്താക്കളെയും കബളിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കുന്നിൻ ചെരിവുകൾ, പാറക്കെട്ട് നിറഞ്ഞ പ്രദേശങ്ങൾ മണ്ണിട്ട് നികത്തിയത്, ഗതാഗത സൗകര്യമില്ലാത്ത താഴ്ന്ന പ്രദേശങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വീട് വെയ്ക്കുവാൻ കഴിയുമോയെന്ന് വിശദമാക്കാമോ;

(ഡി) കഴക്കൂട്ടം മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച ഭൂമിയുടെ ഉപയോഗക്ഷമത സംബന്ധിച്ച് അന്വേഷണം നടത്തുമോയെന്ന് വിശദമാക്കാമോ;

(ഇ) റിയൽ എസ്റ്റേറ്റ് മാഫിയയുമായി ചേർന്ന് നടത്തുന്ന ഇത്തരം തട്ടിപ്പ് തടയുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകൾ

4509 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ ഉന്നതികളിലേയ്ക്കുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകളാണ് വകുപ്പിന്റെ പരിഗണനയിൽ ഉള്ളതെന്നും അവയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും തരംതിരിച്ച് അറിയിക്കുമോ?

## മട്ടന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

4510 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉന്നതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

4511 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

4512 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഗറുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള അടിസ്ഥാനസൗകര്യ പ്രവൃത്തികളാണ് ഈ നഗറുകളിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം 2023-24-ൽ എത്ര പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കുവാനായിട്ടുണ്ട്; വിശദമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ തെക്കെ പടന്ന നഗർ നവീകരണം

4513 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടക്കുന്ന തെക്കെ പടന്ന നഗർ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി- പട്ടികവർഗ്ഗ നഗർ

4514 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി- പട്ടികവർഗ്ഗ നഗറുകൾ ഉണ്ട്; പഞ്ചായത്ത് തിരിച്ച് പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗറുകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) മണ്ഡലത്തിൽ ഇനിയും നവീകരിക്കാൻ ബാക്കിയുള്ള പട്ടികജാതി- പട്ടികവർഗ്ഗ നഗറുകളുടെ വിശദാംശവും ഓരോ നഗറിലും ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശവും നൽകാമോ?

## എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലെ കാലതാമസം

4515 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി അനുവദിച്ചയിടങ്ങളിൽ പദ്ധതിയുടെ രൂപരേഖയും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) എസ്റ്റിമേറ്റുകൾ ഡയറക്ടറേറ്റിൽ നിന്നും ത്വരിതഗതിയിൽ അംഗീകരിച്ചു കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ

4516 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, തെക്കേക്കര, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളികുന്നം ഗ്രാമപഞ്ചായത്തുകളിലും മാവേലിക്കര നഗരസഭയിലുമായി എത്ര പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ ഉണ്ടെന്നും അവയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

4517 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉപ്പെടുത്തി എത്ര നഗറുകളുടെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതെല്ലാമെന്നും ഓരോ ഏജൻസിയും ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം എത്രയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; നിർവഹണ ഏജൻസികൾക്ക് ഫണ്ട് നൽകാത്തതിനാൽ പദ്ധതി പ്രവൃത്തികൾ നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് നിർവഹണ ഏജൻസികൾക്ക് ഫണ്ട് അനുവദിക്കാത്തതെന്നും അവർക്ക് നൽകാനുള്ള ഫണ്ട് എപ്പോൾ നൽകുമെന്നും വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതി

4518 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ നിർവ്വഹണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കുന്ന സാഹചര്യത്തിൽ പദ്ധതിയിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ആനുകൂല്യ വിതരണത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ</u>

4519 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ നഗറുകളിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കുമോ;

(സി) പ്രസ്തുത നഗറുകളിൽ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങളില്ലാത്ത നഗറുകളുടെ പേരുവിവരങ്ങൾ വീടുകളുടെ എണ്ണം, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ഇ) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ നഗറുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത നഗറുകളിലേക്കുള്ള തകരാറിലായ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## <u>കൂത്തുപറമ്പ് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>

4520 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ, പാട്യം പഞ്ചായത്തുകളിൽ അനുവദിച്ച അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പാട്യം പഞ്ചായത്തിലെ കടവ് സങ്കേതം റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയും തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും ത്വരിതഗതിയിൽ യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## പിറവം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

4521 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി നഗറിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയുമായ നഗറുകളുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പുതുതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ നഗറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

4522 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വിവിധ നഗറുകളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം അനുവദിച്ച തുക വിനിയോഗിക്കാതെ പാതിവഴിയിൽ നിർമ്മാണം നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നിർമ്മാണം ഇഴഞ്ഞു നീങ്ങുന്ന ഇളയപാടം, ഉളവയ്പ്പ് തുടങ്ങിയ നഗറുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

4523 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

4524 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പട്ടികജാതി നഗറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം നഗറുകളുടെ നവീകരണം പൂർത്തിയാക്കിയെന്നും പൂർത്തിയായ നഗറുകളിൽ പുതുതായി എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ടതെന്നും വിശദമാക്കാമോ;

(ഡി) നിലവിൽ ഏതെല്ലാം നഗറുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ഇവിടെ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നവീകരണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

4525 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലമ്പുഴ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>വിളവൂർക്കൽ, പള്ളിച്ചൽ ഗ്രാമപഞ്ചായത്തുകളിലെ നഗറുകളുടെ നവീകരണം</u>**

4526 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ അനുമതി ലഭ്യമായ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ കവലോട്ടുകോണം നഗറിന്റെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർ നടപടികളും വിശദമാക്കാമോ;

(ബി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ മുതുവല്ലൂർക്കോണം പറയർ വിളാകം നഗറിന്റെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>എസ്.സി./എസ്.ടി. (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകൾ</u>**

4527 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ എസ്.സി./എസ്.ടി. (അതിക്രമങ്ങൾ തടയൽ) നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2016 മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം ജില്ല, വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കുമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>**

4528 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ നിരോധിക്കുന്ന നിയമം പ്രകാരം 2016 മുതൽ നാളിതുവരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ വനാവകാശരേഖ അപേക്ഷകൾ</u>**

4529 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശവും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

**<u>സാമൂഹ്യവനാവകാശ രേഖ</u>**

4530 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര സാമൂഹ്യവനാവകാശ രേഖകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര സാമൂഹ്യവനാവകാശ രേഖകൾ വിതരണം നടത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) വനാവകാശ രേഖകൾ നൽകുന്നതിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിലെ പഠനമുറി പദ്ധതി</u>**

4531 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാദാപുരം മണ്ഡലത്തിൽ എത്ര പഠനമുറികൾ നിർമ്മിച്ച് നല്കിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

**<u>ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്</u>**

4532 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ വായ്പകൾക്കുള്ള ജാമ്യവ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് 2021-22 മുതൽ എത്ര വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കുമോ?

## <u>പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

4533 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2024-25 സാമ്പത്തിക വർഷം ലഭിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ വിദ്യാവാഹിനി പദ്ധതി</u>

4534 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നിന്നും വിദ്യാവാഹിനി പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര കുട്ടികൾക്ക് നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുവെന്ന വിവരം ഉന്നതികളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ വിദ്യാവാഹിനി പദ്ധതി</u>

4535 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതി പ്രകാരം അനുവദിക്കേണ്ട തുക സമയബന്ധിതമായി നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം നൽകേണ്ട കുടിശിക തുക എത്രയാണെന്ന് അറിയിക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ പഠനമുറി പദ്ധതി</u>

4536 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര പഠനമുറികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## <u>പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ</u>

4537 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകൾക്കായി ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ പഠനമുറി പദ്ധതി

4538 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള പഠനമുറി പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര പഠനമുറികൾ നിർമ്മിച്ച് നൽകി എന്ന് അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണലൂർ മണ്ഡലത്തിലെ പഠനമുറിയുടെ ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിൽ പഠനമുറിക്കുവേണ്ടി അപേക്ഷിച്ച അർഹരായ മുഴുവൻ പേർക്കും പഠനമുറി അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

4539 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ എത്രത്തോളം പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിന് 2023-24-ൽ വിദ്യാഭ്യാസ മേഖലയിൽ പ്രധാനപ്പെട്ട എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഉന്നതി പദ്ധതി

4540 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ ഉന്നതി പദ്ധതി മുഖേന എത്ര പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിദ്യാർത്ഥികൾ വിദേശത്ത് പഠിക്കുവാൻ പോയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ഏതൊക്കെ രാജ്യങ്ങളിൽ ഏതൊക്കെ കോഴ്സുകളാണ് പഠിക്കാൻ പോയതെന്ന് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഉന്നതി പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഉന്നതി പദ്ധതിയുമായി ബന്ധപെട്ടുള്ള പരാതികൾ പരിഹരിച്ച് പുതിയ നിബന്ധനകൾ ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ലംപ്സം ഗ്രാന്റ്/സ്കോളർഷിപ്പ്

4541 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്/ സ്കോളർഷിപ്പ് ഇനങ്ങളിൽ ഓരോ ക്ലാസിലും എത്ര തുകയാണ് അനുവദിക്കുന്നതെന്നുള്ള (ഒന്നാം ക്ലാസ് മുതൽ പി.എച്ച്.ഡി. വരെ ) വിവരം ലഭ്യമാക്കാമോ;

(ബി) 2023-24 അധ്യായന വർഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് തെരെഞ്ഞെടുക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് ലഭ്യമാക്കുമോ;

(സി) 2023-24 അധ്യായന വർഷത്തെ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് /ലംപ്സം ഗ്രാന്റ് വിതരണം ചെയ്തതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്ന് എത്ര രൂപയാണ് വേണ്ടിവന്നതെന്ന് വിശദമാക്കാമോ;

(ഡി) 2025-26-ലെ ബഡ്ജറ്റിൽ എത്ര തുകയാണ് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്

4542 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന ലംപ്സം ഗ്രാന്റിന്റെയും സ്റ്റൈപ്പന്റിന്റെയും തുകകൾ എന്ന് മുതൽ പരിഷ്കരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ

4543 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഏക വരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായം</u>**

4544 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ച് ഉത്തരവായ എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക നൽകാൻ കുടിശികയുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**<u>ദേവികുളം മണ്ഡലത്തിൽ പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂൾ</u>**

4545 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ</u>**

4546 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പൈലറ്റ്, ഡ്രോൺ പൈലറ്റ് കോഴ്സുകൾ പഠിക്കുന്നതിന് വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) അത്തരത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>വിംഗ്സ് പദ്ധതി</u>**

4547 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ആധുനിക കാലഘട്ടത്തിലെ മികച്ച തൊഴിലുകൾ നേടിയെടുക്കുന്നതിനുള്ള ശേഷിയും പരിശീലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വ്യോമയാന മേഖലയിലെ മികച്ച തൊഴിലുകൾ നേടുന്നതിന് പ്രാപ്തരാക്കുന്ന വിവിധ കോഴ്സുകൾ പഠിക്കുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ

യുവജനങ്ങളെ സഹായിക്കുന്ന വിംഗ്സ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസവും പരിശീലനവും ലഭിക്കുന്നതിനായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പിന്തുടരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുള്ള കോഴ്സുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

## പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

4548 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കോളർഷിപ്പുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ സിജിമോൾ കെ. (കല്ലിൽ ഹൗസ്, തെണ്ടപ്പറമ്പ, കല്ലിക്കണ്ടി പോസ്റ്റ്) 2015-16 അധ്യായന വർഷത്തിൽ കണ്ണൂർ അഞ്ചരക്കണ്ടി കോളേജ് ഓഫ് ഫാർമസിയിലെ വിദ്യാർത്ഥിനിയായിരുന്ന സമയത്ത് ടിയാൾക്ക് ലഭിക്കേണ്ട ഇ-ഗ്രാന്റ്സ് ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ടിയാളുടെ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ

4549 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിയോഗിച്ച ഉലാത്തി കമ്മീഷൻ ഏത് തീയതിയിലാണ് വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ആവശ്യങ്ങളും ശിപാർശയും വകുപ്പ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി.ഐ. കളുടെ മാതൃകയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ. കളിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഉത്തര, ദക്ഷിണ മേഖല ട്രെയിനിങ് ഇൻസ്പെക്ടർ ഓഫീസുകളിലേയും വകുപ്പ് ഡയറക്ടറേറ്റിലെയും നാല് ടെക്നിക്കൽ തസ്തികകൾ നിർത്തലാക്കി അവ ക്ലറിക്കൽ തസ്തികകളാക്കി മാറ്റുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ തന്നെ കുറവുള്ളപ്പോൾ പ്രസ്തുത ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഇ) 2016-17 മുതൽ 2025 ഫെബ്രുവരി വരെ പുതിയ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള എത്ര ഐ.ടി.ഐ. കൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(എഫ്) 2016-17 മുതൽ പട്ടികജാതി വികസന വകുപ്പിന്റെ ഏതെല്ലാം ഐ.ടി.ഐ. കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മാടായി ഐ.ടി.ഐ. -യിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ കോഴ്സുകൾ

4550 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തളിക്കുളം ബ്ലോക്കിൽ പ്രീമെട്രിക് ഹോസ്റ്റൽ

4551 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏങ്ങണ്ടിയൂർ ഗ്രാമപ്പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന പ്രീ-മെട്രിക് ഹോസ്റ്റൽ തളിക്കുളം ബ്ലോക്കിൽ തന്നെ പുനരാരംഭിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ജോലിയുള്ള സ്ത്രീകൾക്കായി ഹോസ്റ്റലുകൾ

4552 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്ക് വേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇത് എപ്പോൾ പ്രയോഗത്തിൽ വരുത്താൻ കഴിയുമെന്നും വിശദമാക്കാമോ?

## പട്ടികജാതി യുവാക്കൾക്ക് സുസ്ഥിര വരുമാനം സാധ്യമാക്കാൻ പദ്ധതി

4553 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്ക് വിദേശത്തുൾപ്പെടെ തൊഴിൽ മേഖല കണ്ടെത്തി സുസ്ഥിര വരുമാനം സാധ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ പരിശീലന പരിപാടിയുടെ ഗുണം ലഭിക്കുന്നതിനായി എല്ലാ ജില്ലയിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം

4554 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ നിശ്ചയിച്ച പട്ടികജാതി വികസന ഓഫീസുകളിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രതിമാസ ഓണറേറിയം പതിനായിരം രൂപ എന്നത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി

4555 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യമായി ഒരു പ്രത്യേക സമുദായക്കാരായി ജീവിച്ചവരികയും അറിവില്ലായ്മ കാരണം സ്കൂൾ രേഖകളിൽ ഉയർന്ന ജാതിയായി രേഖപ്പെടുത്തുകയും ചെയ്ത കുടുംബങ്ങളിലെ പുതിയ തലമുറയിൽപ്പെട്ടവർ സ്കൂൾ രേഖകളിൽ യഥാർത്ഥ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിൽ അവർക്ക് സംവരണ ആനുകൂല്യങ്ങൾ ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ശരിയായ ജാതിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം സ്കൂൾ രേഖകൾ പരിഗണിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ;

(സി) ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഹിന്ദു മതത്തിലെ വാണിയൻ സമുദായത്തിൽ ഉൾപ്പെടുകയും സ്കൂൾ രേഖകളിൽ ഹിന്ദു വാണിയൻ എന്ന് രേഖപ്പെടുത്തുകയും എന്നാൽ മാതാപിതാക്കളുടെ സ്കൂൾ രേഖകളിൽ ഹിന്ദു-നായർ എന്ന് രേഖപ്പെടുത്തിയതിന്റെ പേരിൽ, പ്രാദേശിക അന്വേഷണത്തിൽ ഹിന്ദു-വാണിയൻ ആണെന്ന് ബോധ്യപ്പെട്ടിട്ടും, ജാതി നിർണ്ണയിച്ച നൽകാൻ പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൈമാറിയ ആര്യ കെ. എസ്., D/o. ശശിധരൻ കുറിഞ്ചാലിൽ എന്നയാളുടെ ഫയലിന്മേൽ അടിയന്തര തീരുമാനമുണ്ടാവുന്നതിന് നടപടി സ്വീകരിക്കുമോ?

## കിർത്താഡ്സിലെ ജീവനക്കാർ

4556 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സ് എന്ന സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഗസറ്റഡ്, നോൺ ഗസറ്റഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഫീൽഡ് ജീവനക്കാർ എത്ര പേർ ഉണ്ട്; അവരുടെ ജോലി സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓഫീസിൽ കരാർ, ദിവസക്കൂലി പ്രകാരം എത്ര പേർ ജോലി ചെയ്തുവരുന്നു; ജില്ല എംപ്ലോയ്മെന്റ് മുഖേന ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇവരുടെ വേതനം, മറ്റു അലവൻസുകൾ ഉൾപ്പടെ കഴിഞ്ഞ നാല് വർഷം ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട്

4557 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തികവർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച കോർപ്പസ് ഫണ്ട് ഏതൊക്കെ പദ്ധതികൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് വിശദമാക്കാമോ?

## ആദിവാസി മേഖലയിലെ എൻ.ജി.ഒ.

4558 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിൽ എത്ര എൻ.ജി.ഒ.- കൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ; നബാർഡ്, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവരിൽ നിന്നും ഇവർക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ആർക്കൊക്കെ എത്രവീതം ലഭിച്ചിട്ടുണ്ടെന്ന് 2021 മുതലുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായം

4559 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് വിവാഹ ധനസഹായത്തിന് നീക്കി വച്ചിട്ടുള്ള തുകയും അനുവദിച്ച തുകയും എത്രയാണെന്നത് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വിവാഹ ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണവും അതിൽ ധനസഹായം ലഭ്യമാക്കിയവരുടെ എണ്ണവും ജില്ല, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(സി) 2021 മുതൽ നാളിതുവരെ അപേക്ഷിച്ചിട്ടും വിവാഹ ധനസഹായം ലഭ്യമാകാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണം തദ്ദേശസ്വയംഭരണ

സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) അപേക്ഷ നൽകിയിട്ടും വിവാഹ ധനസഹായം ലഭ്യമാകാത്തവർക്ക് വിവാഹശേഷം ആയത് ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) അപേക്ഷ നൽകിയിട്ടും വിവാഹ ധനസഹായം ലഭ്യമാക്കാതിരിക്കാനുള്ള കാരണങ്ങൾ എന്താണ്; വിശദമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

4560 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി നഗറുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞതിൽ എത്ര നഗറുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) മറ്റ് നഗറുകളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>വന്യജീവി ആക്രമണത്തിൽ ജീവഹാനി</u>**

4561 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തെത്തുടർന്ന് 2016 മുതൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട എത്ര പേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇവരുടെ ആശ്രിതർക്ക് ധനസഹായമായി എത്ര രൂപയാണ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചികിത്സ ധനസഹായം</u>**

4562 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ധനസഹായം ലഭിച്ചവരുടെ വിശദാംശം നൽകാമോ?

**<u>മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി</u>**

4563 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളാൻ, കുശവൻ, കുലാല, കുംഭാരൻ, കാടൻ, ആന്ധ്ര നായർ, ആണ്ടുർ നായർ, തുടങ്ങിയ പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവർക്ക് പി.എസ്.സി. നിയമനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ദേവസ്വം നിയമനങ്ങളിലും ആവശ്യമായ സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇവർക്ക് പ്രൊഫഷണൽ, ഹയർസെക്കന്ററി കോഴ്സുകൾക്ക് നൽകി വരുന്ന സംവരണം തുടർന്നും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ലൈഫ് പദ്ധതി

4564 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലൂടെ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾപെട്ട എത്ര പേർക്ക് വീട് ലഭ്യമായിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികൾക്കായി എത്ര പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ലാന്റ് ബാങ്ക് പദ്ധതി

4565 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറ്റെടുത്ത വൈപ്പിൻ മണ്ഡലത്തിലെ എളംകുന്നപ്പുഴ പഞ്ചായത്തിലെ 32.10 ആർ ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി പ്ലോട്ടുകളായി തിരിക്കാനും പ്ലോട്ടുകൾക്ക് പട്ടയം അനുവദിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കാണ് പ്രസ്തുത ഭൂമി പ്ലോട്ടായി തിരിച്ച് പട്ടയം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ സമ്മതം അറിയിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

4566 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി പട്ടികജാതി കുടുംബത്തിൽപ്പെട്ട എത്രപേർ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചതിൽ എത്ര അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കിയെന്നും ഇനി എത്ര പേർക്ക് ഭൂമി ലഭ്യമാക്കുവാനുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) അർഹരായ മുഴുവൻ ആളുകൾക്കും വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

4567 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടും ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും, അവർ എത്ര കാലമായി ആ അവസ്ഥയിൽ കഴിയുന്നുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളിൽ അല്ലാതെ പ്രസ്തുത വിഭാഗങ്ങൾ മറ്റിടങ്ങളിൽ താമസിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു പ്രദേശമാണെന്നും എത്ര കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി</u>

4568 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## <u>നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

4569 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ നാദാപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ

പദ്ധതിയ്ക്കും ഏത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി അറിയിക്കാമോ;

(ഡി) മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശം നൽകാമോ;

(ഇ) കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ഓടോം കാട്, വലിയപറമ്പ് പട്ടികവർഗ്ഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ</u>

4570 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിലെ നഗറുകളുടെ നവീകരണം</u>

4571 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പുത്തൻകുരിശ് പഞ്ചായത്തിലെ മൂലേക്കുഴി, സി.ആർ.എൽ., പട്ടികജാതി നഗറുകളുടെ നവീകരണവുമായി ബന്ധപ്പെട്ട ഏജൻസിയെ മാറ്റുന്നതിനുവേണ്ടി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണ ഏജൻസിയെ മാറ്റുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) കാലതാമസമൊഴിവാക്കി ജില്ലാ നിർമ്മിതിയെ നവീകരണ ഏജൻസിയായി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കോങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ</u>

4572 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക സമുദായക്ഷേമ വകുപ്പുകൾക്ക് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## കോളയാട്-ആറളം മേഖലയിൽ വിനോദ സഞ്ചാര കേന്ദ്രം

4573 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളയാട്-ആറളം മേഖലകൾ കേന്ദ്രീകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളും പൈതൃകവും സംരക്ഷിക്കുന്നതിനും ഇവർക്ക് വരുമാന യോഗ്യമാവും വിധം വയനാട് എൻ ഊര് മാതൃകയിൽ ഒരു ടൂറിസ്റ്റ് സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ?

## പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

4574 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിനു കീഴിൽ നിർദ്ദേശിക്കപ്പെടുന്ന വിവിധ വികസന പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിനു കീഴിൽ വികസന പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കിർത്താഡ്സിന്റെ പ്രവർത്തനം

4575 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേറായൂരിലെ കിർത്താഡ്സ് എന്ന സ്ഥാപനം എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്; ആയതിന്റെ ഉടമസ്ഥാവകാശം വില്ലേജ് രേഖകൾ പ്രകാരം ആരുടെ കൈവശത്തിലാണ്; വിശദമാക്കാമോ;

(ബി) കിർത്താഡ്സ് മുഖേന പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ അഞ്ച് വർഷം സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ആദിവാസി മേഖലയിലെ ഊരു കൂട്ടങ്ങളുടെ പങ്കാളിത്തം ജില്ല തിരിച്ചുള്ള കണക്ക് സഹിതം വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

## ബഡ്ജറ്റ് വിഹിതത്തിൽ വെട്ടിക്കുറവ്

4576 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും വെട്ടിക്കുറച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

## കിർത്താഡ്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

4577 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിർത്താഡ്സ് മുഖേന 2024-ൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രോഗ്രാമുകൾ എന്നിവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിറത്തെങ്ക 2024 പദ്ധതിയിൽ എത്ര ഊരുകൂട്ടങ്ങൾ പങ്കെടുത്തിട്ടുണ്ട്; പങ്കെടുത്ത ഊരുകൂട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് വകുപ്പ് ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം

4578 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നവജാതശിശു സംരക്ഷണത്തെക്കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനും നവജാതശിശു മരണനിരക്ക് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ച വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാമോ; ഈ സ്ഥാപനങ്ങൾ 2023-24-ൽ ആരോഗ്യ മേഖലയിൽ ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

4579 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 2021 ജൂൺ മുതൽ നാളിതുവരെ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എന്ന് പൂർത്തിയാകുമെന്നും വിശദാംശങ്ങൾ സഹിതം അറിയിക്കാമോ;

(ബി) ഏത് ഏജൻസികൾ വഴിയാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതെന്ന് വിശദമാക്കാമോ?

## ഭവന നിർമ്മാണ പദ്ധതികൾ

4580 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി മേഖലകളിൽ ഏതെല്ലാം ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതികൾ വഴി ഭവനനിർമ്മാണ സഹായം ലഭ്യമാക്കിയെന്നും എത്ര ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ ഭൂരഹിതർ**

4581 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര എസ്.സി., എസ്.ടി. കുടുംബങ്ങൾ ഉണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

4582 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ;

(സി) നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഇ) മുഴുവൻ നഗറുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഭൂ-ഭവനരഹിതർക്ക് വീട്**

4583 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതർക്ക് വാസയോഗ്യമായ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയെന്നതിന്റെ വിശദ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**ദേവികുളം മണ്ഡലത്തിലെ ഭൂ-ഭവനരഹിതർ**

4584 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂ-ഭവനരഹിതരായ ആളുകൾക്ക് വാസയോഗ്യമായ വീട് നിർമ്മിച്ചുനൽകുന്നതിന് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ദേവികുളം മണ്ഡലത്തിലെ ഭൂ-ഭവനരഹിതരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകിയെന്നതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>ദേവികുളം മണ്ഡലത്തിലെ ചികിത്സാ ധനസഹായം</u>**

4585 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ വിവരം ലഭ്യമാക്കാമോ?

**<u>ഏകവരുമാന ദായകന്റെ മരണത്തിലുള്ള ധനസഹായം</u>**

4586 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാന ദായക കുടുംബത്തിലെ കുടുംബനാഥൻ/നാഥ മരണപ്പെട്ടാൽ ലഭിക്കുന്ന ധനസഹായം സർക്കാർ തലത്തിൽ പാസായി രണ്ട് വർഷമായിട്ടും കുടുംബത്തിന് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് തുക വേഗത്തിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ സേഫ് പദ്ധതി</u>**

4587 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആർക്കൊക്കെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അർഹരായ ഗുണഭോക്താക്കളെ തുടർന്നും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം</u>**

4588 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെയായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് നൽകിയ ധനസഹായം സംബന്ധിച്ചും പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച ചികിത്സാസഹായം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണത്തിന്റെയും അനുവദിച്ച തുകയുടെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി

4589 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക അനുവദിച്ചു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ശാക്തീകരണം

4590 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ സവിശേഷ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനും സാമ്പത്തിക വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിതലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

4591 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എ. രാജ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗങ്ങളുടെ അഭിവൃദ്ധിക്കായി വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന നൽകി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ജില്ലകളിലെ വികസനപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജില്ലാതല അവലോകനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;?

## <u>**കൈപ്പമംഗലം മണ്ഡലത്തിലെ സേഫ് പദ്ധതി**</u>

4592 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കുമോ?

## <u>**കുലാലൻ, കുലാല, കുലാല നായർ വിഭാഗങ്ങൾക്ക് സംവരണം**</u>

4593 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുലാലൻ, കുലാല, കുലാല നായർ എന്നീ പേരുകളിൽ അറിയപ്പെടുന്ന വിഭാഗത്തിൽപെട്ടവർക്ക് G.O.(Ms) 10/2014/BCDD നമ്പർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സംവരണം അനുവദിച്ചിട്ടുണ്ടെങ്കിലും ഇതിൽ ചില പേരുകൾ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തത് കാരണം ഇവരിൽ പലർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇ-ഗ്രാന്റ് ലഭിക്കാത്തതും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്തെ എസ്.ഇ.ബി.സി. പട്ടികയിൽ വ്യക്തത വരുത്തി ലാൻഡ് റവന്യൂ കമ്മീഷണർക്ക് ഡയറക്ടർ തലത്തിൽ കത്ത് നൽകിയത് എന്നാണ്; പ്രസ്തുത കത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യവും സംസ്ഥാനത്തെ ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിനുള്ള നടപടിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവർക്ക് വ്യത്യസ്ത ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം പരിഹരിക്കുന്നത് സംബന്ധിച്ച് 9.11.2021-ൽ നിയമസഭയിൽ ഉറപ്പ് നൽകിയ ശേഷവും പ്രസ്തുത വിഷയത്തിൽ പരിഹാരം ഉണ്ടാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാരം കൈക്കൊള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>**ലോൺ കുടിശ്ശിക**</u>

4594 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവശത അനുഭവിക്കുന്ന വായ്പക്കാരുടെ ലോൺ കുടിശ്ശിക എഴുതി തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എത്ര രൂപയുടെ സഹായങ്ങൾ എത്ര ഗുണഭോക്താക്കൾക്ക് നൽകി; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശികയിൽ ഇളവ് അനുവദിക്കാൻ അർഹതയുള്ളവരെ കണ്ടെത്തുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; അദാലത്തുകൾ സംഘടിപ്പിച്ചാണോ ഇളവ് അനുവദിച്ച് നൽകുന്നത്?

## നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി

4595 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിലെ മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡിൽ നിന്നും എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ സമിതിയിലുൾപ്പെട്ടവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പിലെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെയും സാങ്കേതിക വിദഗ്ധർ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെട്ടിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ നൽകിയിരിക്കുന്നത് ആർക്കെന്നും അവർ സമാന പ്രവൃത്തി ചെയ്ത് മുൻപരിചയമുള്ളവരാണോയെന്ന് പരിശോധിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ട ചുമതല ആർക്കാണെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ സാങ്കേതിക പരിജ്ഞാനം ഉള്ള വ്യക്തിയാണോയെന്നും വെളിപ്പെടുത്തുമോ?

## ആലത്തൂർ നിയോജകമണ്ഡലത്തിൽ വനംവകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

4596 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ വനംവകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തികവർഷം ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

## മലമ്പുഴ നിയോജകമണ്ഡലത്തിലെ വനംവകുപ്പിന്റെ ഫെൻസിംഗ് പ്രവൃത്തികൾ

4597 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിലും കൃഷിയിടങ്ങളിലുമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനായി ഫെൻസിംഗ് ചെയ്യുന്ന പ്രവൃത്തികൾ വനംവകുപ്പ് നടത്തിവരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പ്രവൃത്തി നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## കണ്ടൽക്കാടുകളുടെ സർവ്വേ

4598 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലാശയങ്ങളോട് ചേർന്ന് നിൽക്കുന്ന കണ്ടൽക്കാടുകളുടെ സർവ്വേ നടത്താൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്വകാര്യഭൂമിയിലെ ഇത്തരത്തിലുള്ള കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിത വനമേഖലയായി പ്രഖ്യാപിക്കുമോ; വിശദമാക്കാമോ?

## ഏറനാട് മണ്ഡലത്തിൽ വനത്തോട് ചേർന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി

4599 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേരാണ് അപേക്ഷ നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ നിന്നും അപ്രകാരം ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചവയെത്രയെന്നും ഭൂമി വിട്ടുകൊടുത്തതിനുള്ള പ്രതിഫലം നൽകിയത് എത്രപേർക്കെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; വ്യക്തമാക്കാമോ;

(സി) സ്വകാര്യ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ,ചാലിയാർ,ചേരിയം കുന്നത്ത് ശ്രീ.വിനോദ് കുമാർ മുതൽ പേർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## ലയൺ സഫാരി പാർക്ക് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

4600 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉത്തരവിനെ തുടർന്ന് അടച്ച് പൂട്ടിയ പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവിസങ്കേതത്തിലെ ലയൺ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ലയൺ സഫാരി പാർക്ക് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ 10.01.2025 ലെ 11-1/2024-cza-part 16 ഫയൽ നമ്പർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയ കത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിലേയ്ക്കായുള്ള ഡി. പി. ആർ. എന്നത്തേയ്ക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിൽ വനം വകുപ്പിനു കീഴിൽ 20 വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഇതേ വിഭാഗത്തിൽ ജോലി നോക്കിയിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) വനം വകുപ്പിനു കീഴിൽ ഇരുപത് വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പാമ്പ് കടിയേറ്റ് മരിച്ചവർക്ക് ധനസഹായം</u>

4601 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള്ളൻപന്നിയുടെയും കാട്ടുപന്നിയുടെയും ആക്രമണം നേരിടുന്ന പക്ഷം വനം വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പാമ്പ് കടിയേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വനം വകുപ്പ് മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വിശദമാക്കാമോ?

## <u>വനഭൂമി കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>

4602 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ഹെക്ടർ വനഭൂമിയിൽ കൈയേറ്റം നടന്നിട്ടുണ്ട്; ഇതിൽ എത്ര ഹെക്ടർ ഒഴിപ്പിച്ചു; ഇനി എത്ര ഹെക്ടർ

ഒഴിപ്പിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കണ്ടൽക്കാടുകൾ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നത്**

4603 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; കേരളത്തിൽ എത്ര കണ്ടൽക്കാടുകൾ ഇപ്രകാരം റിസർവ് വനമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വനനിയമപ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള കണ്ടൽക്കാടുകളുടെ വിസ്തീർണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

**തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണ അഴിമതി**

4604 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട പാലോട് റെയ്ഞ്ചിലെ ഇരുനൂറ്റിപ്പതിനെട്ട് ജണ്ടകളുടെ നിർമ്മാണച്ചെലവ് വഴിയുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ ഈടാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കുറ്റാരോപിതനായ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം/കാറ്റഗറി മാറ്റം നൽകാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

**നഗര വനപദ്ധതി**

4605 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് നഗര വനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നഗര വനപദ്ധതി പ്രകാരം ഏതെല്ലാം വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കെന്നും വിശദമാക്കുമോ?

**മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

4606 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നുവെന്ന് അറിയിക്കുമോ; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

**ഊരിനുണർവ്വ് കാടിനുണർവ്വ് പദ്ധതി**

4607 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി പ്രകൃതികളുടെ ഉന്നമനത്തിനായി പ്രഖ്യാപിച്ചിരുന്ന 'ഊരിനുണർവ്വ് കാടിനുണർവ്വ്' പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി**

4608 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് നടപ്പിലാക്കുന്ന പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പാമ്പുകളെ പിടികൂടുന്നതിന് ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**ഹാജിയാർ പള്ളിയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ**

4609 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ ഹാജിയാർ പള്ളിയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഒരു ഹെക്ടർ ഭൂമിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ബൊട്ടാണിക്കൽ ഗാർഡൻ, ഇക്കോ പാർക്ക്, ഇക്കോ ഷോപ്പ്, ബട്ടർഫ്ലൈ പാർക്ക്, ബാംബൂ സെറ്റം എന്നിവ ആരംഭിക്കുന്നതിനു തുക വകയിരുത്തിയിട്ടും പദ്ധതി വൈകുന്നതിലെ കാരണം വ്യക്തമാക്കാമോ;

(സി) ഫണ്ടിന്റെ അപര്യാപ്തത പരിഹരിച്ച് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

**വൻ ധൻ വികാസ് കേന്ദ്രങ്ങൾ**

4610 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ.) രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനായി അനുവദിച്ച തുകയും നടന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾ ഓരോ സ്ഥലത്തും നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## 2016 മുതൽ ആരംഭിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾ

4611 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിൽ പുതുതായി എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ വനം വകുപ്പ് ഡിപ്പോകളിൽ നിന്നും എത്രകോടി രൂപയുടെ മരങ്ങളാണ് വില്പന നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## വിനോദസഞ്ചാരികളെ വനങ്ങളിലേയ്ക്ക് ആകർഷിക്കാൻ നടപടി

4612 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ വനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി വനം വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ പരിസ്ഥിതിക്കും പ്രകൃതിക്കുമിണങ്ങുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ഈ പദ്ധതികളുടെ നടത്തിപ്പുമായി സഹകരിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്നും ഇതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## വനം ടൂറിസം പദ്ധതികൾ

4613 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം ടൂറിസം പദ്ധതികളും അവയുടെ വിശദാംശവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) വനം ടൂറിസം വിപുലപ്പെടുത്തുന്നതിനായി കഴിഞ്ഞ പത്ത് വർഷം സ്വീകരിച്ച

നടപടികൾ അറിയിക്കാമോ; വിശദമാക്കാമോ?

**ഇക്കോ ടൂറിസം പദ്ധതി**

4614 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി എറണാകുളം സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

**ഫോറസ്റ്റ് റേയ്ഞ്ചർ തസ്തികകൾ**

4615 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വനം വകുപ്പിൽ എത്ര ഫോറസ്റ്റ് റേയ്ഞ്ചർ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; പ്രസ്തുത തസ്തികകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരം**

4616 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം തടയാൻ വനംവകുപ്പിൽ രൂപീകരിച്ച റാപ്പിഡ് റെസ്പോൺസ് സംഘത്തിന് അമിത ജോലിഭാരം മൂലം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അംഗബലം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**വനംവകുപ്പിന് കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ**

4617 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന് കീഴിൽ നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, തസ്തിക, കൈപ്പറ്റുന്ന വേതനം എന്നിവയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**വനം വകുപ്പിലെ ജീവനക്കാർ**

4618 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിൽ എത്ര സ്ഥിരം, താത്കാലിക, കരാർ ജീവനക്കാരുണ്ട്; തസ്തിക, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിൽ നിന്നും വകുപ്പിന് എത്ര തുക സാമ്പത്തിക സഹായം ലഭിച്ചിരുന്നു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) വനം വകുപ്പിൽ മറ്റ് വകുപ്പുകളിൽ നിന്നും എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നു എന്നതിന്റെ കണക്കുകൾ വിശദമാക്കാമോ;

(ഡി) വനംവകുപ്പിൽ നിന്നും എത്ര ജീവനക്കാർ മറ്റു വകുപ്പുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കണക്കുകൾ ലഭ്യമാക്കാമോ?

## അനുമതി ഇല്ലാതെ മുറിച്ച മരങ്ങളുടെ എണ്ണം

4619 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരളത്തിലെ വിവിധ വനം റേഞ്ചുകളിൽ നിന്നും മൊത്തം എത്ര ഈട്ടി, തേക്ക്, എബണി, ചന്ദനം എന്നീ മരങ്ങൾ മുറിച്ചു മാറ്റി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടിയും അനുമതി ഇല്ലാതെയും മുറിച്ച മരങ്ങളുടെ എണ്ണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## ഫോറസ്ട്രി വർക്കുകൾക്കുള്ള കോൺട്രാക്ട് സിസ്റ്റം

4620 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഫോറസ്ട്രി വർക്കുകൾക്ക് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കോൺട്രാക്ട് സിസ്റ്റം നിലവിൽ വന്നതിനു ശേഷം ഫോറസ്ട്രി വർക്കുകളുടെ കോൺട്രാക്ട് കരാറിലേർപ്പെട്ട വിരമിച്ച വനം വകുപ്പ് ജീവനക്കാരുടെ പേര് വിവരവും പ്രവൃത്തികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾ സർക്കാർ ജീവനക്കാരൻ വിരമിച്ചു രണ്ടു വർഷത്തിനകം ഏറ്റെടുക്കുന്നതിന് നിലവിലെ സർവ്വീസ് ചട്ടപ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണോ എന്ന് വ്യക്തമാക്കാമോ?

## കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

4621 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) മൂന്നാർ കെ.എഫ്.ഡി.സി. ഓഫീസിനുകീഴിൽ 2021-22 വർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് വിശദമാക്കാമോ?

## വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമിയുടെ ക്രയവിക്രയത്തിനുള്ള നിരാക്ഷേപ പത്രം

4622 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമി ക്രയവിക്രയം നടത്തുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ നിരാക്ഷേപ പത്രം വേണമെന്ന് പ്രതിപാദിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ 2019-2021 വർഷങ്ങളിലെ ജണ്ട നിർമ്മാണത്തിലെ അപാകത കാരണം ഇപ്രകാരമുള്ള നിരാക്ഷേപ പത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണ ജനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## <u>കനോപ്പി വ്യവസ്ഥ</u>

4623 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കനോപ്പി മേഖലകളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കനോപ്പി സംവിധാനത്തിന്റെ ഗുണപരമായ സവിശേഷതയെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പരിസ്ഥിതി സന്തുലനത്തിന് കനോപ്പി വ്യവസ്ഥയുടെ പങ്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) നിലവിലുള്ള കനോപ്പി വ്യവസ്ഥയെ കൂടുതൽ വിപുലമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

(ഇ) നഗരങ്ങളിൽ കൂടുതൽ പ്രദേശത്ത് കനോപ്പി സംവിധാനം വ്യാപിപ്പിക്കുന്നതിന് ടൂറിസം വകുപ്പുമായി ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ?

## <u>വന്യജീവി സെൻസസ്</u>

4624 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്നാണ് അവസാനമായി വന്യജീവി സെൻസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ; അടുത്ത വന്യജീവി സെൻസസ് എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവി സെൻസസ് പ്രകാരം ഏതെങ്കിലും വന്യജീവികളുടെ എണ്ണം ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വന്യജീവി ശല്യമുള്ള കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ</u>

4625 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി-മനുഷ്യസംഘർഷം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളെ സൂചിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## വന്യമൃഗങ്ങളെ മൃഗശാലകൾക്ക് നൽകാൻ നടപടി

4626 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലയിൽ സ്ഥിരമായി എത്തുന്ന വന്യമൃഗങ്ങളെ പിടികൂടി പുതിയതായി രൂപീകരിക്കുന്ന മൃഗശാലകൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വന്യമൃഗ ആക്രമണം പ്രതിരോധിക്കാൻ സോളാർ വേലികളും കിടങ്ങുകളും

4627 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസമേഖലയോട് ചേർന്നുകിടക്കുന്ന വനമേഖലയിൽ നിന്നും വന്യമൃഗങ്ങൾ കടന്നുവന്നു നാശം വിതയ്ക്കുന്നത് പതിവായ സാഹചര്യത്തിൽ, അത് തടയുന്നതിനായി സോളാർ വേലികളോ കിടങ്ങുകളോ നിർമ്മിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിലവിലുള്ള പദ്ധതികളും അതിന്റെ നടപടിക്രമങ്ങളും അറിയിക്കുമോ?

## വാമനപുരം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

4628 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വന്യമൃഗ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ നൽകിയ നഷ്ടപരിഹാര തുകയുടെയും എത്രപേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(സി) ഏതെല്ലാം പ്രധാന വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ?

## വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ചെലവഴിച്ച തുക

4629 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്തെ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; ഇതിൽ ഓരോ ഫണ്ടിൽ നിന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഇക്കാലയളവിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

## മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ

4630 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം തടയുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങൾ എവിടെയൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിനായി ആകെ ചെലവഴിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണം വിശദമാക്കുമോ?

## നാട്ടാനകളുടെ ആക്രമണത്തിന് നഷ്ടപരിഹാരം

4631 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ ആക്രമണത്തിൽ നാശനഷ്ടം സംഭവിക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടികൾ

4632 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള ഏതൊക്കെ നിയമങ്ങൾ/നിർദ്ദേശങ്ങൾ ആണ് സംസ്ഥാന സർക്കാരിന് പ്രതിസന്ധി സൃഷ്ടിക്കുന്നതെന്ന് വ്യക്തമാക്കുമോ; അവയുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ഷൂട്ടർമാരുടെ യോഗ്യതകൾ

4633 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്ന ഷൂട്ടർമാർക്ക് നൽകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഷൂട്ടർമാർക്ക് വേണ്ട യോഗ്യതകൾ എന്താണെന്നും ആരാണ് ഷൂട്ടർമാരെ നിയമിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കേരളത്തിൽ എത്ര ഷൂട്ടർമാർ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ ഒമ്പത് വർഷക്കാലം കേരളത്തിൽ ഷൂട്ടർമാർ വെടിവെച്ച് കൊന്ന കാട്ടുപന്നികളുടെ എണ്ണം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവിലെ ആനയുടെ ആക്രമണം

4634 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ആറാട്ടുകടവിൽ ആനയുടെ ആക്രമണത്തിൽ പത്മനാഭൻ എന്ന വ്യക്തി മരണപ്പെട്ടിരുന്നോ; എങ്കിൽ ഏതു വർഷം, ഏതു തീയതിയിലാണ് സംഭവം നടന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നഷ്ടപരിഹാരം നാളിതുവരെ നൽകാതിരുന്നത് എന്ന് വിശദമാക്കാമോ;

(സി) ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം

4635 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാവുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ എത്രപേർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങളും തരം തിരിച്ച് അറിയിക്കുമോ;

(ബി) ഇനി എത്രപേർക്കാണ് നഷ്ടപരിഹാരത്തുക അനുവദിക്കാനുള്ളതെന്നും പ്രസ്തുത തുക സംബന്ധിച്ച വിശദവിവരവും അറിയിക്കുമോ?

## ആറളം ഫാമിലെ വന്യമൃഗ ശല്യം

4636 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാമിൽ വന്യമൃഗ ശല്യം രൂക്ഷമായതിനെ തുടർന്ന് പ്രദേശവാസികൾക്ക് തൊഴിലെടുക്കാനും കൃഷി ചെയ്യാൻപോലും സാധിക്കാത്ത അവസ്ഥയാണ് എന്ന

വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വേനൽ കനക്കുന്നതോടെയാണ് കശുമാങ്ങ തേടിയും പുഴയിലെ വെള്ളം തേടിയും കാട്ടാനകൾ ആറളം ഫാമിലെ ജനവാസ മേഖലകളിലേക്ക് പതിവായി ഇറങ്ങുന്നത് എന്നത് വസ്തുതയല്ലേ;

(സി) മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ രണ്ടു വകുപ്പ് മന്ത്രിമാരുടെയും സബ്കളക്ടറുടെയും നേതൃത്വത്തിൽ ഉപസമിതി രൂപീകരിച്ചിട്ടും ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ആനമതിലിന്റെ 30 ശതമാനം പ്രവൃത്തി മാത്രമാണ് ഒന്നര വർഷമായിട്ടും പൂർത്തിയാക്കാൻ സാധിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കൂരാച്ചുണ്ട് പഞ്ചായത്തിലെ വനാതിർത്തികളിൽ ഫെൻസിംഗ് സ്ഥാപിക്കാൻ നടപടി

4637 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയോടു ചേർന്നുള്ള ജനവാസ മേഖലയിൽ വന്യജീവികൾ ഇറങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ പൂർണ്ണമായും ഫെൻസിംഗ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എത്ര കിലോമീറ്റർ ദൂരത്തിലാണ് ഇനി ഇവിടെ ഫെൻസിംഗ് സ്ഥാപിക്കാനുള്ളത്; വിശദമാക്കാമോ?

## കോതമംഗലം, മൂന്നാർ മേഖലകളിൽ വന്യജീവി ശല്യ പ്രതിരോധം

4638 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം, മൂന്നാർ, മലയാറ്റൂർ വനം ഡിവിഷനുകളുടെ കീഴിൽ കോതമംഗലം മണ്ഡലത്തിൽ വന്യജീവി ശല്യം പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരുടെ വിവരങ്ങൾ

4639 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയവരുടെ പേര് വിവരങ്ങളും മേൽവിലാസവും നൽകിയ സഹായധനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള നഷ്ട പരിഹാരം

4640 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്താൽ പരിക്ക് പറ്റിയവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

## കാട്ടുപന്നി ആക്രമണം തടയാൻ നടപടി

4641 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നി ആക്രമണംമൂലം മരണം അടക്കമുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വള്ള്യായി അരുണ്ട കിഴക്കയിൽ കർഷകനായ ശ്രീധരന്റെ ദാരുണ മരണം അടക്കം കാട്ടുപന്നി ആക്രമണത്തിൽ നിരവധി പേർ മരിക്കുന്നതും പരിക്കേൽക്കുന്നതുമായ സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കാട്ടുപന്നിയുടെ ആക്രമണം തടയാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവർ

4642 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2010 മുതൽ നാളിതുവരെ മരണമടഞ്ഞവരുടെ പേരും മേൽവിലാസവും സർക്കാർ നൽകിയ ധനസഹായവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

## മണ്ണാർക്കാട് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

4643 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യം മൂലമുള്ള കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 2016 മുതൽ മണ്ണാർക്കാട് മണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചത് മൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് നൽകിയിട്ടുണ്ട്; നൽകിയ തുകയുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) അപേക്ഷ നൽകിയ കർഷകരിൽ പലർക്കും നാളിതുവരെ നഷ്ടപരിഹാരം ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്സവത്തിന് ആന എഴുന്നള്ളിപ്പിനുള്ള മാനദണ്ഡങ്ങൾ**

4644 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്സവത്തിന് ആന എഴുന്നള്ളിപ്പിന് എന്തെല്ലാം മാനദണ്ഡങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഉത്സവങ്ങൾക്കിടയിൽ മാത്രം ആനകളുടെ ആക്രമണത്തിൽ എത്ര ജീവൻ നഷ്ടപ്പെട്ടു എന്ന് വിശദമാക്കാമോ;

(സി) മരിച്ചവരുടെ ആശ്രിതർക്ക് എന്ത് നഷ്ടപരിഹാരം നൽകിവരുന്നു എന്ന് വിശദമാക്കാമോ;

(ഡി) എത്ര പേർക്ക് നഷ്ടപരിഹാരം നൽകി എന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വിശദമാക്കുമോ?

**പേരാമ്പ്ര മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ**

4645 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ വകുപ്പ് തലത്തിൽ നടന്നുവരുന്നതെന്ന് വിശദമാക്കുമോ?

**മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കാൻ ജനകീയസമിതികൾ**

4646 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഏറ്റവും രൂക്ഷമായ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ട് അവിടങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജനപ്രതിനിധികൾ ഉൾപ്പെട്ട ജനകീയസമിതികൾ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) വന്യജീവി സംഘർഷങ്ങൾ രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രൈമറി റെസ്പോൺസ് ടീമിനെ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുവേണ്ടി വനംവകുപ്പ് ദുരന്തനിവാരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ?

**<u>വയനാട് വന്യജീവി സങ്കേതത്തിൽ നിന്നും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ നടപടി</u>**

4647 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് വന്യജീവി സങ്കേതത്തിനകത്ത് അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ</u>**

4648 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിലെ ഏതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഇവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്</u>**

4649 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) അട്ടപ്പാടിയിലെ ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ കൃഷിക്കും ശുദ്ധജലത്തിനും വേണ്ടിയുള്ള പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ</u>**

4650 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഇറിഗേഷൻ വകുപ്പുകൾ മേജർ, മൈനർ, അഡീഷണൽ മെക്കാനിക്കൽ വിഭാഗങ്ങളിലായി നടപ്പിലാക്കുന്ന പദ്ധതികൾ, അവയുടെ അടങ്കൽ തുക, പദ്ധതി പുരോഗതി എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) കടപ്പുറം, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തുകളിൽ ഉപ്പ് വെള്ളം തടയുന്നതിന് ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ലൂയിസ് നിർമ്മിക്കേണ്ടതെന്ന് ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

4651 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

## ഏറനാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

4652 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ പേര്, ഭരണാനുമതി നൽകിയ തുക, പദ്ധതികളുടെ പുരോഗതി എന്നിവയെപ്പറ്റിയുള്ള വിശദാംശം ലഭ്യമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ ജലസേചന വകുപ്പ് പ്രവൃത്തികൾ

4653 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

4654 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2020-21 വർഷം മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

## കാസർകോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ

4655 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പുഴകളും ജലാശയങ്ങളും മലിനമാകാതെ സംരക്ഷിക്കാനും കയ്യേറ്റങ്ങൾ തടയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>തിരുനെല്ലി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം</u>

4656 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നഗരസഭയിലെ തിരുനെല്ലി പതിനാറാം ഡിവിഷനിൽ ടെക്നിക്കൽ ഹൈസ്കൂളിന് സമീപം എൻ.എച്ച്.766-നോടും മൂന്നര സെന്റ് കോളനിയോടും ചേർന്നുള്ള നടവഴിയും കൾവർട്ടും തകർന്നതിനെ തുടർന്ന് തോടിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച് ഉചിതമായ ശീർഷകത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

## <u>ശാസ്ത്രീയ ജലവിഭവ പരിപാലനം</u>

4657 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതടങ്ങളിലെ ജലസന്തുലിതാവസ്ഥ വിലയിരുത്തിക്കൊണ്ട് ഹൈഡ്രോമേറ്റഡ് ശൃംഖലയുടെ സാന്ദ്രത വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

## <u>നദികളിലെ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിന് നടപടി</u>

4658 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്കലും ചെളിയും മണലും നിറഞ്ഞതിനാൽ നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുന്നതും അതിനാൽ വെള്ളപ്പൊക്കമുണ്ടായി നാശനഷ്ടങ്ങളുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്ര പ്രദേശങ്ങളിൽ ഇവ നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മഴക്കാലത്തിന് മുൻപ് തന്നെ ഇത്തരം പ്രദേശങ്ങളിലെ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കുന്ദമംഗലം മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതി

4659 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പൂനൂർ പുഴയുടെ സംരക്ഷണം

4660 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലൂടെ കടന്നു പോകുന്ന പൂനൂർ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പൂനൂർ പുഴ സംരക്ഷണത്തിനുവേണ്ടി പാർശ്വഭിത്തി കെട്ടുന്നതിനും മാലിന്യം നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

## മലപ്പുറം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

4661 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ;

(ബി) തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയ്ക്ക് വേണ്ടി പ്രൊപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദാംശം നൽകാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണം

4662 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ തോടുകളുടെ സംഭരണ ശേഷിയാണ് മണ്ണ് മൂടിക്കിടന്ന് കുറഞ്ഞുപോയതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം തോടുകൾ കണ്ടെത്തുന്നത് ഏത് രേഖകൾ പരിശോധിച്ചാണെന്നും ഇവയുടെ വിശദാംശം മൈനർ ഇറിഗേഷൻ വകുപ്പിന്റെ രേഖകളിൽ സൂക്ഷിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരം തോടുകൾ ജലസംഭരണ യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നത് വിശദമാക്കാമോ;

(ഡി) കുടിവെള്ള ലഭ്യത കുറയുന്ന സാഹചര്യത്തിൽ ഇത്തരം തോടുകൾ നികത്തപ്പെടാതെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോതമംഗലം നഗരസഭയിൽ അക്വാഡക്ടിന്റെ ഉയരം കൂട്ടാൻ നടപടി

4663 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിലെ മലയിൻകീഴ് ആനക്കല്ല് ഭാഗത്ത് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള അക്വാഡക്ട് കാലപ്പഴക്കം മൂലം അപകടാവസ്ഥയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലം നാട്ടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന ഈ അക്വാഡക്ടിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് തടസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്വാഡക്ടിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്ടിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോട്ടായി-അയ്യൻകുളം നവീകരണം

4664 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25 ൽ ഉൾപ്പെടുത്തിയ കോട്ടായി-അയ്യൻകുളം നവീകരണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കോട്ടക്കൽ കൃഷിഭവൻ പരിധിയിലെ സമഗ്ര ജലസേചന പദ്ധതി

4665 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ

ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കല്ലട ഇറിഗേഷൻ പ്രോജക്റ്റ് കനാൽ അറ്റകുറ്റപ്പണികൾക്ക് നടപടി

4666 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്റ്റ് കനാൽ വഴി വേനൽ കാലത്ത് ജലം ഒഴുക്കി വിടുന്നതിനായി കനാൽ വൃത്തിയാക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വരുന്ന മാസങ്ങളിൽ വരൾച്ച രൂക്ഷമാകുമെന്നതിനാൽ ചവറ ഭാഗത്തെ പ്രസ്തുത കനാലിൽ കൂടി ജലം ഒഴുക്കി വിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കോൾനിലങ്ങൾ സംരക്ഷിക്കാൻ നടപടി

4667 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങൾ സംരക്ഷിക്കുന്നതിനും ഉപ്പുവെള്ളം കയറി നെൽകൃഷി നശിക്കുന്നതൊഴിവാക്കുന്നതിനും കോൾച്ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയെന്ന് അറിയിക്കാമോ;

(ബി) കോൾച്ചാലുകളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

## പഴശ്ശി കനാലിന്റെ ചോർച്ച പരിഹരിക്കാൻ നടപടി

4668 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി കനാൽ കടന്നുപോകുന്ന വിവിധ പ്രദേശങ്ങളിൽ ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിച്ച് കനാലിനെ പൂർണ തോതിൽ ജലവിതരണത്തിന് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എ.സി.കനാലിനെ നദിയുമായി സംയോജിപ്പിക്കാൻ നടപടി

4669 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. കനാൽ നെടുമുടിവരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഡാം സേഫ്റ്റി അതോറിറ്റിയുടെ നിർദ്ദേശങ്ങൾ

4670 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ സുരക്ഷിതത്വം സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഡാം സേഫ്റ്റി അതോറിറ്റി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇവയിൽ ഏതൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

## അയ്യപ്പൻ കുടം ഡാം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി

4671 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25 ൽ ഉൾപ്പെടുത്തിയ അയ്യപ്പൻ കുടം ഡാം അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കേരള ഡാം സുരക്ഷാ അതോറിറ്റി പഠന റിപ്പോർട്ട്

4672 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്ന ശേഷം ഏതെല്ലാം ഡാമുകളിലാണ് കേരള ഡാം സുരക്ഷ അതോറിറ്റി നേരിട്ട് പരിശോധന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഡാം സുരക്ഷ സംബന്ധിച്ച വിശദമായ പഠനത്തിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പഠന റിപ്പോർട്ടിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ ഡാം സുരക്ഷ അതോറിറ്റി നൽകിയ ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

## പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി

4673 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൃഷിക്കും കുടിവെള്ളത്തിനും വൈദ്യുതി ഉല്പാദനത്തിനും സ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിന്റെ സംഭരണശേഷി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഡാമിന്റെ സംഭരണശേഷി കുറയുന്നത് പ്രസ്തുത ഡാമിനെ ആശ്രയിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളെ ഭാവിയിൽ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡാമിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും മാറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

## പാലാ മണ്ഡലത്തിലെ ചകിണിയാം തടം ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം

4674 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ചകിണിയാം തടം ഭാഗത്ത് കളത്തുകടവ് തോടിന് കുറുകെയുള്ള ചകിണിയാം തടം ചെക്ക് ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിജസ്ഥിതി വ്യക്തമാക്കാമോ; ബ്രിഡ്ജ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം

4675 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണ ഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കോട്ടക്കൽ മണ്ഡലത്തിൽ തോടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിനായി എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## കൊന്നഞ്ചേരി-കക്കത്തോട് ബണ്ട് പ്രവൃത്തി

4676 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25 ൽ ഉൾപ്പെടുത്തിയ കൊന്നഞ്ചേരി-കക്കത്തോട് ബണ്ട് നിർമ്മാണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും നിർമ്മാണം

4677 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കടൽഭിത്തികളും പുലിമുട്ടുകളും രൂക്ഷമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## എറിയാട് ഗ്രാമപഞ്ചായത്തിൽ പുലിമുട്ട് നിർമ്മിക്കാൻ നടപടി

4678 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ എറിയാട് ഗ്രാമപഞ്ചായത്തിലെ തീരശോഷണം ഒഴിവാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) എറിയാട് ഗ്രാമപഞ്ചായത്തിലെ കടലോര പ്രദേശങ്ങളിലെ തീരശോഷണം ഒഴിവാക്കാൻ ചെന്നൈ ഐ.ഐ.റ്റി.യുടെ സഹായത്തോടെ പുലിമുട്ട് നിർമ്മിക്കാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) തീരശോഷണം രൂക്ഷമായ എറിയാട് ഗ്രാമപഞ്ചായത്തിലെ തീര പ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയാൻ നടപടി</u>

4679 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധസംഘം പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മേപ്പാടം മൂതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

4680 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ മേപ്പാടം മൂതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

## <u>പൂമല ഡാമിന്റെ സ്പിൽവേക്ക് സമീപം സ്റ്റീൽ പാലം നിർമ്മാണം</u>

4681 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് തുടർനടപടികൾക്കായി ഡാം സേഫ്റ്റി അതോറിട്ടിക്ക് കൈമാറിയ പൂമല ഡാമിന്റെ സ്പിൽവേക്ക് സമീപം സ്റ്റീൽ പാലം നിർമ്മിക്കുന്നതിന് തൃശ്ശൂർ ഡി.ടി.പി.സി. നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>ഉളിയത്ത് കടവ് ആർ.സി.ബി. പദ്ധതി</u>

4682 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിരവധി ഗ്രാമപഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭയെയും കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതുമായ നിർദിഷ്ട ഉളിയത്ത് കടവ് ആർ.സി.ബി. പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഡി.പി.ആർ.-ന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള ജല ലഭ്യത</u>

4683 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പ്രതിവർഷം എത്ര എം.സി.എഫ്.ടി. ജലമാണ് സംസ്ഥാനത്തിന് ലഭിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; 2021 മുതൽ പ്രസ്തുത കരാർ പ്രകാരമുള്ള ജലം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ജലം ലഭ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിൽ ഇതിനെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ?

## <u>കോൾ നിലങ്ങളിലെ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തി</u>

4684 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങളിലെ ചാലുകളിൽ അടിഞ്ഞ് കൂടിയ ചണ്ടിയും കുളവാഴയും നീക്കം ചെയ്യുന്നതിന് 2024-25 വർഷത്തെ എം & ആർ ഓഫ് അദർ ഇറിഗേഷൻ വർക്സ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## <u>അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി, പുന്നപ്ര പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം</u>

4685 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ മാത്തേരി മുതൽ പുന്തല വരെയും പുന്നപ്ര മുതൽ ആലപ്പുഴ വരെയുമുള്ള തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ട് നിർമ്മാണം**

4686 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ടിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത പ്രദേശവാസികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഗൗരവമായ ഇടപെടൽ നടത്തി പ്രശ്ന പരിഹാരത്തിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**വാമനപുരം ഇറിഗേഷൻ പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ നടപടി**

4687 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി വാമനപുരം നദിയിൽ സ്ഥാപിച്ചിട്ടുള്ള മിനി ചെക്ക് ഡാമുകളുടെയും കിണറുകളുടെയും വിവരം നൽകാമോ;

(ബി) പ്രസ്തുത നദിയിൽ നിന്നുള്ള ജലം ഏതെല്ലാം കുടിവെള്ള പദ്ധതികൾ വഴി എത്ര കുടുംബങ്ങൾക്കാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(സി) വേനൽക്കാലത്ത് പ്രസ്തുത നദി വറ്റി വരളുന്നതുമൂലം ജല ലഭ്യതയ്ക്ക് മറ്റെന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കടുത്ത ജലക്ഷാമം മുൻനിർത്തി നിർത്തിവെച്ചിട്ടുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്ട് പുനരുജ്ജീവിപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണ പുരോഗതി**

4688 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയലിലെ നെൽകൃഷിയും പാടങ്ങൾക്ക് സമീപത്തെ പറമ്പുകളിലെ ഫലവൃക്ഷത്തൈകളും ഉപ്പ് വെള്ളം കയറി നശിക്കുന്നത് കണക്കിലെടുത്ത് ആയത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**തീരദേശ മേഖലയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി**

4689 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ വേലിയേറ്റം മൂലമുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിയന്ത്രണം**

4690 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളുടെ തീരങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ അതിർത്തിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനും ജലവിഭവ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

4691 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങൾക്ക് കീഴിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**ഭൂഗർഭജല സംരക്ഷണം**

4692 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടറിന്റെ അളവിൽ വർഷാവർഷം കുറവ് അനുഭവപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദവിവരം ലഭ്യമാക്കുമോ;

(സി) മഴവെള്ളം ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**കുട്ടനാട്ടിൽ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ നടപടി**

4693 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം രൂക്ഷമായ കുട്ടനാട്ടിൽ കൂടുതൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി വേഗത്തിൽ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട്ടിൽ നിർമ്മിക്കുന്ന കുഴൽക്കിണറുകൾക്ക് കൂടുതൽ സബ്സിഡി നൽകാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ജലസംരക്ഷണ പ്രവർത്തനങ്ങൾ

4694 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ നടന്ന നവകേരള സദസിൽ ഉയർന്നുവന്ന വിവിധ ജല സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## ജൽജീവൻ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തുവാൻ നടപടി

4695 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സഞ്ചാരയോഗ്യമല്ലാതായ റോഡുകൾ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഏതെല്ലാം റോഡുകൾക്ക് ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

## ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് നടപടി

4696 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനമാക്കപ്പെട്ട ജലസ്രോതസ്സുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കുന്നതുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ജലവിഭവ വകുപ്പിന്റെ കീഴിൽ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

4697 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

4698 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ശുദ്ധജല ടാങ്കിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) തഴക്കര ഗ്രാമപ്പഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

4699 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ജൽജീവൻ പദ്ധതി പ്രകാരം ഓരേ പ്രദേശത്തും ഭരണാനുമതി പ്രകാരം അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ

4700 **ശ്രീ സി കെ ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപ്പഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി ഉൾപ്പടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും കേടായ പൈപ്പ്ലൈനുകൾ റിപ്പയർ ചെയ്യുന്നതിനുമായി വിവിധ പി.ഡബ്ല്യൂ.ഡി., പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ച ശേഷം അവ റിപ്പയർ ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി

4701 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് സംസ്ഥാന/ജില്ലാ തലങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ ജില്ലാതല പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുള്ള കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാനം നൽകേണ്ട വിഹിതം ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുടിശിക നൽകാത്തത് കാരണം പല കരാറുകാരും പ്രവൃത്തി ചെയ്യുന്നതിന് തയ്യാറാകുന്നില്ലെന്നതും പലരും നിർദ്ദിഷ്ട കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൽകാനുള്ള കുടിശിക നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ;

(ഇ) മലപ്പുറം ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിന് മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മറ്റു വകുപ്പ് തലവന്മാരുടെയും യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ജൽജീവൻ മിഷൻ

4702 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ പുരോഗതിയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

## മണലൂർ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ കീഴിൽ ചെയ്ത പ്രവൃത്തികൾ

4703 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിൽ ജൽജീവൻ മിഷന്റെ കീഴിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിച്ചതുമൂലം പഞ്ചായത്ത് റോഡുകൾക്കുണ്ടായ കേടുപാടുകൾ തീർത്ത് പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വീടുകളിൽ കുടിവെള്ളം എത്തിക്കാനായെന്നും ഇനി എത്ര വീടുകളിൽ കുടിവെള്ളം എത്തിക്കാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## വാട്ടർ അതോറിറ്റി എ.ഡി.ബി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

4704 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി എ.ഡി.ബി.യുടെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി കൊച്ചിയിൽ നടപ്പിലാക്കുന്ന 24*7 കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് സ്ഥാപനമാണ്; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് വ്യത്യസ്തമായ നിരക്കിൽ ഉള്ളതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കൊച്ചി നഗരത്തിലെ ജലവിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുമ്പോൾ നിലവിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ പുനർവിന്യാസം ഏത് രീതിയിൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

## താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

4705 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപ്പഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഭൂമിയേറ്റെടുക്കലിന് ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളാണ് തുക നൽകിയിട്ടുള്ളത്; ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളാണ് തുക ലഭ്യമാക്കാൻ ബാക്കിയുള്ളത്; വ്യക്തമാക്കുമോ;

(സി) പണം നൽകുന്നതിൽ ഏതെങ്കിലും തദ്ദേശസ്ഥാപനം വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആലുവ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

4706 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഭാഗമായി ആലുവ മണ്ഡലത്തിൽ കുഴിച്ച ഏതെല്ലാം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയതിന് കരാറുകാർക്ക് എത്ര തുകയാണ് കുടിശികയായി നൽകാനുള്ളതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശിക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഇരിമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി

4707 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഇരിമ്പിളിയം പഞ്ചായത്തിൽ രണ്ടാം ഘട്ട പൈപ്പ്‌ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(സി) എടയൂർ പഞ്ചായത്തിലെ താണിയപ്പൻകുന്ന് പ്രദേശത്ത് ജൽജീവൻ മിഷന്റെ ഭാഗമായി കഞ്ഞിപ്പുര-കാടാമ്പുഴ-വട്ടപ്പറമ്പ് റോഡിലും കഞ്ഞിപ്പുര-കുടാരമടം-പള്ളിക്കണ്ടം റോഡിലും പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ തൽസ്ഥിതി അറിയിക്കുമോ; പ്രസ്തുത റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായുള്ള ബാങ്ക് ഗ്യാരണ്ടി തുക പി.ഡബ്ള്യൂ.ഡി-യ്ക്ക് അടവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

4708 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഉപ്പുവെള്ളം കയറിയ സാഹചര്യത്തിലും കുടിവെള്ള ലഭ്യത കുറഞ്ഞ സാഹചര്യത്തിലും ബുദ്ധിമുട്ടുന്ന കുട്ടനാടൻ ജനതയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാടിന്റെ വിവിധ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കുന്നതിന് നടപടി

4709 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തിയ തോട്, തുറവൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ തീരദേശ മേഖലകളിൽ ജപ്പാൻ കുടിവെള്ളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം നിരന്തരമായി തീരദേശ മേഖലകളിൽ കുടിവെള്ളം ലഭിക്കാതിരിക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## വെള്ളക്കര കുടിശ്ശിക

4710 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-ന് ശേഷം എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; ഓരോ തവണയും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത്; ഇത് വഴി ഓരോ തവണയും എത്ര തുക അധികമായി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര രൂപയുടെ വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്; വൻ തുക കുടിശ്ശിക വരുത്തിയ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവയുടെ വിശദാംശം കുടിശ്ശിക തുക ഉൾപ്പടെ ലഭ്യമാക്കുമോ;

(സി) കുടിശ്ശിക ഒടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സർക്കാർ വകുപ്പുകളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ സ്വകാര്യ കമ്പനികളുടെയോ കണക്ഷൻ കട്ട് ചെയ്തിട്ടുള്ള കേസുകൾ ഉണ്ടോ; എങ്കിൽ ഒരു വർഷത്തിനിടയിലുള്ള ഇത്തരം കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ?

## തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി

4711 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പല പദ്ധതികളും കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര

നടപടി സ്വീകരിക്കുമോ?

**<u>മട്ടന്നൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ</u>**

4712 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിലെ കിഫ്ബി മുഖേന നടന്നുവരുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ</u>**

4713 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ ജൽജീവൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

(ഡി) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരണ തീയതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>ജൽജീവൻ മിഷന്റെ പ്രവർത്തനം</u>**

4714 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന നിലവിൽ എത്ര ശതമാനം ഗ്രാമീണ കുടുംബങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിലും പഞ്ചായത്തുകളിലും ഗ്രാമീണ കണക്ഷനുകളുടെ കവറേജ് നൂറു ശതമാനമെന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

**<u>തുമ്പത്തടം കിണർ നിർമ്മാണം</u>**

4715 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ എരമം-കുറ്റൂർ ഗ്രാമപ്പഞ്ചായത്തിലെ ജലസ്രോതസ്സായി കണ്ടെത്തിയ തുമ്പത്തടം കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി

എന്താണെന്ന് അറിയിക്കാമോ;

(ബി) പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ നൂതന പദ്ധതികൾ</u>**

4716 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ നൂതനമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം എത്തിക്കുവാൻ വാട്ടർ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>ജല വിതരണം കാര്യക്ഷമമാക്കാൻ പദ്ധതികൾ</u>**

4717 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാത്തതുമൂലം ജലവിതരണത്തിലുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തുവെന്നും വിശദമാക്കാമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെട്ട ജലവിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര വേഗതയില്ലായെന്ന ആക്ഷേപം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

**<u>ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ</u>**

4718 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിലെ അപേക്ഷകളിൽ വാട്ടർ കണക്ഷൻ നൽകുവാൻ സാധിക്കാത്ത അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അതിന്റെ കാരണം എന്താണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

**<u>ജൽജീവൻ പദ്ധതിക്കായി കുഴിയെടുത്ത റോഡുകളുടെ പുനരുദ്ധാരണം</u>**

4719 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര റോഡുകളിൽ കുഴിയെടുത്തിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം നൽകുമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം</u>

4720 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്നതിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ നടപ്പിലാക്കിവരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും വാട്ടർ അതോറിറ്റി മധ്യമേഖല ചീഫ് എൻജിനീയറുടെ സാന്നിദ്ധ്യത്തിലും ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനപ്രകാരമുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## <u>വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽജീവൻ പദ്ധതി</u>

4721 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ ഇടുന്നതിന് വള്ളിക്കുന്ന് മണ്ഡലത്തിൽ നിലവിൽ എത്ര റോഡുകൾ പൊളിച്ചിട്ടിരിക്കുകയാണ്; അവയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത റോഡുകൾ റീസ്റ്റോർ ചെയ്യാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) റീസ്റ്റോറേഷനു വേണ്ടി ലഭിച്ച ഫണ്ടുപയോഗിച്ച് ഗതാഗതയോഗ്യമല്ലാത്ത റോഡിന്റെ ഫുൾ വിഡ്ത്തിൽ റീസ്റ്റോർ ചെയ്യാൻ പാടില്ല എന്ന നിയമം നിലവിലുണ്ടോ;

(ഡി) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ റീസ്റ്റോറേഷനു വേണ്ടി വകയിരുത്തിയ തുക റോഡുകളുടെ പരിപാലന ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയാൽ പൈപ്പ് ലെയിൻ സ്ഥാപിക്കാൻ പൊളിച്ച ഭാഗം ജൽജീവൻ മിഷൻ ഫണ്ട് ഉപയോഗിച്ചും ശേഷിക്കുന്ന ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് സംരക്ഷണ ഫണ്ട് ഉപയോഗിച്ചും ഫുൾ വിഡ്ത്തിൽ റെസ്റ്റോർ ചെയ്യുവാൻ സാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>കുടിവെള്ള പൈപ്പുകളിലെ ചോർച്ച തടയാൻ നടപടി</u>

4722 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയുൾപ്പെടെ പൈപ്പിലൂടെയുള്ള കുടിവെള്ള വിതരണം വ്യാപകമായതോടെ പൈപ്പ് ലൈനുകൾ പല സ്ഥലത്തും പൊട്ടിയൊലിച്ച് കുടിവെള്ളം പാഴായി പോകുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനും പൈപ്പുകളിലെ ചോർച്ച വേഗത്തിൽ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള കണക്ഷൻ വർദ്ധിച്ചതിനനുസരിച്ച് വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് വിഭാഗത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൈപ്പ് പൊട്ടുന്നതും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും പൊതുജനങ്ങൾക്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക സംവിധാനവും അവ കുറ്റമറ്റ രീതിയിൽ പരിഹരിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ വാട്ടർ അതോറിറ്റിയുടെ ആസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർകോട് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുത്തിപ്പൊളിച്ച റോഡുകൾ

4723 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുത്തിപ്പൊളിച്ച റോഡുകൾ ഏതൊക്കെയാണെന്ന് മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ കുത്തിപ്പൊളിച്ചത് കാരണം പൊതുമരാമത്ത് വകുപ്പിനും പഞ്ചായത്തുകൾക്കും ഉണ്ടായ നഷ്ടം എത്രയാണെന്ന് റോഡുകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) റോഡുകൾ കുത്തിപ്പൊളിച്ച് പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞാൽ പ്രസ്തുത റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കേണ്ട ഉത്തരവാദിത്വം ആരുടെതാണെന്ന് വ്യക്തമാക്കാമോ?

## ആർ.ബി. കനാൽവഴിയുള്ള ജലവിതരണം

4724 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മൂലത്തറ ഡാമിൽ നിന്നും ഓരോ ജലവർഷവും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കുന്ന 7.25 ടി.എം.സി. ജലത്തിൽനിന്നും എത്ര അളവാണ് ആർ.ബി. കനാലിലൂടെ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) 2010-11 മുതൽ 2023-24 വരെയുള്ള ഓരോ ജലവർഷവും ആർ.ബി. കനാൽ വഴി എത്ര ദിവസം വീതം ജലവിതരണം നടത്തിയിട്ടുണ്ടെന്നും; വിതരണം നടത്തിയ ജലത്തിന്റെ അളവും ലഭ്യമാക്കുമോ;

(സി) മൂലത്തറ ഡാമിൽ നിന്നും ചിറ്റൂർ പുഴ പ്രദേശങ്ങളിൽ ജലവിതരണം നടത്തിവരുന്നത് ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

## കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി

4725 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി തയ്യാറാക്കിയ 132.65 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നബാർഡിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നടപടി

4726 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരം പൈപ്പ് പൊട്ടൽ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും കാലപ്പഴക്കം ചെന്ന സിമന്റ് പൈപ്പ് ലൈനുകൾ മാറ്റി ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയുടെ സാമ്പത്തിക സഹായം ഇക്കാര്യത്തിനായി തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കിഫ്ബിയുടെ അനുമതി ലഭിച്ച ശുദ്ധജല പദ്ധതികളുടെ വിശദാംശവും ആകെ എത്ര തുകയാണ് കിഫ്ബി വഴി ലഭിച്ചതെന്നുമുള്ള വിശദാംശവും വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ഇതിനകം പൂർത്തീകരിച്ചു എന്നറിയിക്കാമോ?

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

4727 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനകീയ പങ്കാളിത്തത്തോടെ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം വീടുകളിലെത്തി പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

4728 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിലായി ജൽജീവൻ മിഷൻ നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## പുതുപ്പള്ളി മണ്ഡലത്തിലെ ജൽജീവൻ മിഷൻ

4729 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ നിലവിലെ നിർവഹണ പുരോഗതി, പ്രതീക്ഷിക്കുന്ന പൂർത്തീകരണ തീയതി എന്നീ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ;

(ബി) ജൽജീവൻ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളാണ് ജല അതോറിറ്റി ഏറ്റെടുത്തിട്ടുള്ളത്; ഇതിൽ ഏതെല്ലാം റോഡുകളിൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്; പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തികരിച്ച ശേഷം ഏതൊക്കെ റോഡുകളിൽ റീസ്റ്റോറേഷൻ നടത്താനുണ്ടെന്നും റീസ്റ്റോറേഷൻ നടത്തിയ ശേഷം പൊതുമരാമത്തിന് കൈമാറിയ റോഡുകൾ ഏതൊക്കെയാണെന്നുമുള്ള വിവരം നൽകാമോ;

(സി) ഇതിൽ ജല അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് റീസ്റ്റോറേഷൻ നടത്താനുള്ള റോഡുകൾ ഏതൊക്കെയെന്നും ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ;

(ഡി) ഫണ്ട് ലഭ്യമല്ലാത്ത പക്ഷം റോഡുകൾ റീസ്റ്റോറേഷൻ നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള വാട്ടർ അതോറിറ്റിയുടെ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കൽ

4730 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ മൂഴിക്കൽ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി ലഭ്യമാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ

4731 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് പണം നൽകാതിരുന്നതിനാൽ കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാതി വഴിയിലായ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ

സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും ഇവ പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ളം വിതരണം നിർവഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## വാമനപുരം നദിയിലെ ജല വിതരണ പദ്ധതികൾ

4732 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദിയിലെ ജല വിതരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളിലൂടെ വർഷം മുഴുവനും സുഗമമായ ജല വിതരണം ഉറപ്പാക്കാൻ കഴിയുന്നുണ്ടോ;

(ബി) വാമനപുരം നദിയിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി അണക്കെട്ട് നിർമ്മിക്കുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പുനരുദ്ധാരണം

4733 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള എത്ര റോഡുകൾ കുഴിച്ചിരുന്നുവെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവ എന്നത്തേക്ക് പുനരുദ്ധരിക്കുമെന്നും അറിയിക്കുമോ?

## വെള്ളക്കര കുടിശ്ശിക

4734 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്ങളുടേതല്ലാത്ത കാരണത്താൽ വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക ഈടാക്കപ്പെട്ട സാഹചര്യം ഉണ്ടായാൽ ഉപഭോക്താവ് സമീപിക്കേണ്ടത് ഏതൊക്കെ ഓഫീസുകളെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ശ്രീ.സുബൈർ വൈദ്യർകണ്ടി, കുറ്റ്യാടി സമർപ്പിച്ച നിവേദനത്തിൽ ആശ്വാസകരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ പട്ടികജാതി കുടുംബങ്ങൾക്കുള്ള കുടിവെള്ളം

4735 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മുനിസിപ്പൽ പരിധിയിൽ വരുന്ന കോട്ടാശ്ശേരി, മൂച്ചിക്കുണ്ട് പട്ടികജാതി നഗറുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വാട്ടർ അതോറിറ്റിയും അമൃത് പദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള ക്ഷാമം രൂക്ഷമായ ഈ പ്രദേശങ്ങളിൽ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ രണ്ട് പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും നിലവിലെ പദ്ധതികളിൽ നിന്നും കുടിവെള്ളം എത്തിക്കും എന്നത് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള വിതരണം

4736 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

4737 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിലെ എത്ര വീടുകളിലാണ് നാളിതുവരെ കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര ശതമാനം വീടുകളിൽ കുടിവെള്ളം എത്തിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

## പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

4738 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ആരംഭിച്ച വിവിധ കുടിവെള്ള പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; പുതിയ കുടിവെള്ള പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കാട്ടാക്കട പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

4739 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിലെ പല ഭാഗത്തും കുടിവെള്ളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിള്ളിപ്പാറയിൽ നിന്നും കാട്ടാക്കട വഴി നെയ്യാറ്റിൻകരയിലേക്കു കൊണ്ടു പോകുന്ന കുടിവെള്ളം തുങ്ങാംപാറ വച്ചിട്ടുള്ള വാൽവ് കൺട്രോൾ ചെയ്തു കാട്ടാക്കട

നിവാസികൾക്ക് നൽകണമെന്ന മുൻകാല തീരുമാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനായുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>ഫിഷറീസ് മേഖലയ്ക്കായി ബഡ്ജറ്റിൽ നീക്കിവെച്ച തുക</u>**

4740 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും ഫിഷറീസ് മേഖലയ്ക്കായി നീക്കിവെച്ച തുക എത്രയാണ്; അതിൽ അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ</u>**

4741 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം മുകേഷ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി മത്സ്യ ബോർഡ് പദ്ധതികളിൽ നടപ്പാക്കിയ പരിഷ്കരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണവുമായി ബന്ധപ്പെട്ട് നടക്കുന്ന സർവേ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്; ഈ സർവേയുടെ ഭാഗമായി എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവേയിലൂടെയുള്ള വിവരശേഖരണം ഏതെല്ലാം രൂപത്തിൽ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

**<u>മത്സ്യ ഉൽപാദനം വർധിപ്പിക്കാൻ നടപടി</u>**

4742 **ശ്രീ എം നൗഷാദ്**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ മത്സ്യ മേഖലയുടെ പങ്ക് എത്രയെന്നും അത് വർധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഉല്പാദന മേഖലയിൽ മത്സ്യകൃഷിയുടെ വിഹിതം വർധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതു വർദ്ധിപ്പിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ്

സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം**

4743 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മെയ് മാസം 20-ന് പെരിയാറിൽ വ്യവസായിക മാലിന്യങ്ങൾ ഒഴുകിയെത്തിയതിനെ തുടർന്ന് മത്സ്യകൃഷിക്ക് നാശം സംഭവിച്ച കൂട് മത്സ്യകർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാര വിതരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

4744 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും തുകയും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ശുചിത്വ സാഗരം സുന്ദരതീരം**

4745 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ശുചിത്വ സാഗരം സുന്ദരതീരം' പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം മാലിന്യം എങ്ങനെ നിർമ്മാർജനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; തീരദേശം കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഫിഷറീസ് വകുപ്പിന് പുറമെ മറ്റ് ഏതൊക്കെ വകുപ്പുകളെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതി**

4746 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതി പ്രകാരം, പര്യാപ്തമായ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ;

(ബി) സംസ്ഥാനം സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇനിയും അംഗീകാരം ലഭിക്കാനുള്ള പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ;

(സി) 2020 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത പദ്ധതികൾക്കായി എന്ത് തുക കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെന്നും ഇനി എന്ത് തുക ലഭിക്കാനുണ്ടെന്നുമുള്ള വിശദ

വിവരം ലഭ്യമാക്കുമോ?

**തീരദേശ വികസന പ്രവർത്തനങ്ങൾ**

4747 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കിഫ്ബി മുഖേന തീരദേശ വികസനത്തിനായി എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പിറവം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ തീരദേശവികസനവുമായി ബന്ധപ്പെട്ട് എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മണ്ഡലത്തിൽ പുതിയ ഏതെല്ലാം പ്രവർത്തികൾ നടപ്പിലാക്കാൻ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

**അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോർഡിനേറ്റർ**

4748 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്വാകൾച്ചർ പ്രൊമോട്ടർ, അക്വാകൾച്ചർ കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന എത്ര പേരാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊമോട്ടർ/കോർഡിനേറ്റർമാരുടെ ജോലി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര പേർ പ്രസ്തുത ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം**

4749 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ദിവസം എത്ര വരുമാനം ലഭിക്കുന്നുണ്ടെന്ന കണക്ക് ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ലഭിക്കാത്ത ദിവസങ്ങൾ ഏതാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വരുമാനമില്ലാത്ത ദിവസങ്ങളിൽ പട്ടിണി കൂടാതെ ജീവിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്താണെന്ന് വിശദമാക്കാമോ;

(ഡി) മത്സ്യബന്ധനത്തിന് വിലക്കില്ലാത്ത സമയത്ത് വൻ മത്സ്യക്കൂട്ടവുമായി തിരിച്ചുവരാമെന്ന പ്രതീക്ഷയോടെ ആഴക്കടലിലേക്ക് പോകുന്നവർ നിരാശയോടെ വലിയ മാനസിക പ്രയാസവും സാമ്പത്തിക നഷ്ടവും സഹിച്ച് തിരിച്ചുവരേണ്ടിവരുന്ന സന്ദർഭങ്ങളിൽ തൊഴിലാളികളെ സർക്കാരിന് എങ്ങനെ

സംരക്ഷിക്കാനും ആശ്വസിപ്പിക്കാനും കഴിയുമെന്ന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഫിഷറീസ് വകുപ്പിന്റെ പ്രവർത്തന മികവിന് ലഭിച്ച പുരസ്കാരം

4750 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മുൻനിർത്തി കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത രംഗത്തെ മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായാണ് പ്രവർത്തന മികവിനുള്ള ഈ അംഗീകാരം ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) മുൻകാലങ്ങളിൽ ഇത്തരത്തിൽ ഫിഷറീസ് വകുപ്പിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ബാക്ക് യാർഡ് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതി

4751 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമീൻ, വരാൽ തുടങ്ങിയ തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനത്തിന് കർഷകരുമായി ചേർന്ന് നടപ്പാക്കിയ ബാക്ക് യാർഡ് സീഡ് പ്രൊഡക്ഷൻ യൂണിറ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ 2023-24 വർഷത്തിൽ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഇത്തരം മത്സ്യക്കുഞ്ഞ് ഉല്പാദനം നടത്തുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

### വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനുള്ള നടപടി

4752 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാംസർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നത് സംബന്ധിച്ച് കുഫോസ് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള തിക്തഫലങ്ങൾ മുൻപെങ്ങും ഇല്ലാത്തവിധം രൂക്ഷമായിട്ടുള്ളതിനാൽ വേമ്പനാട്ട് കായലിന്റെയും വേമ്പനാട്ട് കായലിന്റെ കൈവഴി പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ഇതു സംബന്ധിച്ച് സമർപ്പിച്ച കുഫോസിന്റേതുൾപ്പെടെയുള്ള പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) വേമ്പനാട്ട് കായലും ഇതിനോട് ചേർന്ന് കിടക്കുന്ന ചെമ്മീൻ കെട്ടുകൾ നടത്തുന്ന കൃഷിയിടങ്ങളും വേണ്ട രീതിയിൽ സംരക്ഷിക്കാത്തതിനാലും സജ്ജീകരണങ്ങൾ ഏർപ്പെടുത്താത്തതിനാലും വൈപ്പിൻ, പശ്ചിമ കൊച്ചി, കൊച്ചി മേഖലകളിലെ ജനവാസകേന്ദ്രങ്ങളിൽ മുൻപെങ്ങുമില്ലാത്തവിധം ഓരുവെള്ളം കയറുന്നതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്കും നാശനഷ്ടങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും പരിഹാരം കാണാൻ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

## പുനർഗേഹം പദ്ധതി

4753 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വർക്കല നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ; എത്ര പേർക്ക് വീടോ സാമ്പത്തിക ആനുകൂല്യമോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതി

4754 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഫിഷിംഗ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**പൊക്കാളിപ്പാടങ്ങളിലെ ചെമ്മീൻ കൃഷി**

4755 **ശ്രീ. എം. എം. മണി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊക്കാളി പാടങ്ങളിൽ മത്സ്യ/ചെമ്മീൻ കൃഷി ഒരു വിളയായി നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) തരിശ്ശു കിടക്കുന്ന പൊക്കാളിപ്പാടങ്ങളിൽ വനാമി ചെമ്മീൻ പോലെയുള്ള അത്യുൽപ്പാദന ശേഷിയുള്ളതും കയറ്റുമതി മൂല്യമുള്ളതുമായ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സമയങ്ങളിൽ തൊഴിലും ജീവനോപാധിയും നൽകാൻ നടപടി**

4756 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജനങ്ങൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സമയങ്ങളിൽ തൊഴിലും ജീവനോപാധിയും നൽകാൻ എന്തൊക്കെ ഇടപെടലാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

**സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം**

4757 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**തീരദേശത്തെ മാലിന്യനിർമ്മാർജനം**

4758 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഹാർബറുകളിലെയും ലാൻഡിങ് സെന്ററുകളിലെയും മാലിന്യ നിർമ്മാർജനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുവെന്ന് വിശദമാക്കുമോ;

(സി) എല്ലാ ഹാർബറുകളിലും മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഷിറിയ റിവർ ട്രെയ്നിംഗ് പ്രവൃത്തി**

4759 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിറിയ റിവർ ട്രെയ്നിംഗ് പ്രവൃത്തിക്കായി സി.ആർ.ഇസഡ് അനുമതി ലഭ്യമാക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിന് സഹായം**

4760 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷിയിലൂടെ പ്രധാനമായും ഏതെല്ലാം മത്സ്യ ഇനങ്ങളെയാണ് വളർത്തുന്നത്;

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഒരു വർഷം ശരാശരി എത്ര ടൺ മത്സ്യമാണ് ഉല്പാദിപ്പിക്കുന്നത്; ഇത് ആഭ്യന്തര ആവശ്യത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(സി) യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ അവർക്ക് മികച്ച വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം സാങ്കേതിക സാമ്പത്തിക സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**ഉൾനാടൻ മത്സ്യങ്ങളുടെ പ്രജനനം വർദ്ധിപ്പിക്കുന്നതിന് നടപടി**

4761 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഉൾനാടൻ മത്സ്യ ഇനങ്ങളാണ് വംശനാശ ഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയുടെ പ്രജനനം വർദ്ധിപ്പിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും പരിഗണന നൽകുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

**മത്സ്യ ലഭ്യത ഉറപ്പ് വരുത്താൻ നടപടി**

4762 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനങ്ങളുടെയും മറ്റും ഭാഗമായി കടൽ മത്സ്യസമ്പത്ത് കുറഞ്ഞ് വരുന്നത് കണക്കിലെടുത്ത് മത്സ്യ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും അതിലൂടെ ശുദ്ധജല മത്സ്യങ്ങളുടെ ലഭ്യത ഉണ്ടാക്കിയെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് മത്സ്യവകുപ്പ് സ്വീകരിച്ച് വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

4763 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനമോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക-സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാൻ സഹായകമായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന കടൽ മണൽഖനനം

4764 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടൽത്തീരങ്ങളിൽ മണൽഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ച് സർക്കാരോ മറ്റ് സർക്കാർ ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

## അന്തിപ്പച്ച പദ്ധതി

4765 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതി

4766 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പുനർഗേഹം പദ്ധതിയുടെ ലിസ്റ്റിൽപെടാത്ത അർഹരായവരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്തിന്റെ ശോഷണം**

4767 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായലിൽ മണ്ണടിഞ്ഞ് ആഴം കുറയുന്നതും കയ്യേറ്റവും നിമിത്തം മത്സ്യസമ്പത്തിന് കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മത്സ്യബന്ധനത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മത്സ്യ മേഖലയിലെ അനുബന്ധ തൊഴിലാളികളുടെ വിവര ശേഖരണം**

4768 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ മേഖലയിൽ അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവനം നയിക്കുന്ന തൊഴിലാളികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഇവരുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പിന്നോക്കാവസ്ഥ**

4769 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മത്സ്യത്തൊഴിലാളി സമൂഹം പിന്നാക്കാവസ്ഥ നേരിടുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തീരദേശ മേഖലകളിൽ വീട്, ശുദ്ധജലം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ജനകീയ മത്സ്യകൃഷി**

4770 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷി പദ്ധതിയിൽ കോർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെ വേതനം കുടിശ്ശിക ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യകർഷകർക്ക് ലഭിക്കേണ്ട സബ്സിഡി മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; സബ്സിഡി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

4771 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ഉണ്ടായിരുന്നോ; എങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിപുലീകരണം

4772 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിൽ അനുവദിച്ച ഫ്ലോട്ടിംഗ് ജെട്ടിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം സജ്ജമാക്കാൻ നടപടി

4773 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ തോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ

4774 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി

4775 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; സബ്സിഡി ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്ന മണ്ണെണ്ണയുടെ സബ്സിഡി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണം

4776 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരമ്പാറ ഗ്രാമപ്പഞ്ചായത്തിലെ കുരിക്കുളം ഇക്കോ ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നു വരുന്നത്; വിശദീകരിക്കാമോ;

(സി) പ്രസ്തുത ഇക്കോ ഹാച്ചറിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത ഹാച്ചറി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഫിഷ് ഫാമുകളുടെ സി.എ.എ. ലൈസൻസ് വിശദാംശങ്ങൾ

4777 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ് ഫാമുകൾക്കാണ് കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി ലൈസൻസ് ലഭ്യമായിട്ടുള്ളതെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സി.എ.എ. ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ;

(സി) സി.എ.എ. ലൈസൻസ് ഉള്ള എത്ര ഫാമുകളാണ് കേരളത്തിൽ വനാമി ചെമ്മീൻ കൃഷി നടത്തി വരുന്നതെന്ന് ഫാം വിസ്തൃതി ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കുമോ ?

## ഗുരുവായൂർ മണ്ഡലത്തിലെ അന്തിപ്പച്ച പദ്ധതി

4778 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എയുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന അന്തിപ്പച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കല്ലാനോട് ഫിഷ് ഹാച്ചറി

4779 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയിൽ എത്ര മത്സ്യക്കുളങ്ങളാണ് നിലവിലുള്ളത്; ഇവിടെ പ്രതിവർഷം എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

4780 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളും മത്സ്യതീറ്റയും ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനും രോഗവ്യാപനം തടയുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കുട്ടനാട്ടിൽ ഉൾനാടൻ മത്സ്യലഭ്യത ഉറപ്പുവരുത്തൽ

4781 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കായൽ പാടശേഖരങ്ങളിൽ കൂടുതൽ നാടൻ മത്സ്യ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന വിവിധ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## മത്സ്യ മാർക്കറ്റുകളെ ആധുനിക മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി

4782 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മത്സ്യ മാർക്കറ്റുകളെ ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ;

(സി) പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

## ആഴക്കടൽ ഖനനം

4783 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കേരള തീരങ്ങളിൽ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ആഴക്കടൽ ഖനനത്തിനെതിരെ സംസ്ഥാനം കേന്ദ്രവുമായി ഏതൊക്കെ തരത്തിൽ എന്നൊക്കെയാണ് ആശയവിനിമയം നടത്തിയിട്ടുള്ളതെന്നും അവയുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) അനന്തകാലമായി വരുമാന സ്രോതസ്സായി നിലകൊള്ളുന്നതും തുടർന്നും വരുമാന സ്രോതസ്സായി വളരെക്കാലം നിലനിർത്താൻ കഴിയുന്നതുമായ മത്സ്യ സമ്പത്തിനും സമുദ്രജീവ ആവാസവ്യവസ്ഥയ്ക്കും കടുത്ത ആഘാതം ഏൽപ്പിക്കുന്നതും ദീർഘകാല ഫലം പരിശോധിച്ചാൽ ആഴക്കടൽ ഖനനം കൊണ്ടുണ്ടാകുന്ന വരുമാനത്തെ മറികടക്കാൻ കഴിയുന്നതാണ് മത്സ്യസമ്പത്തിൽ നിന്നുള്ള വരുമാനം എന്നും കരുതുന്നുണ്ടോ;

(സി) എങ്കിൽ ആഴക്കടൽ ഖനനം കൊണ്ടുണ്ടാകാൻ ഇടയുള്ള പരിസ്ഥിതി ആഘാതം ശാസ്ത്രീയമായി പഠിക്കുന്നതിനും പഠന റിപ്പോർട്ട് യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## തകർന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം

4784 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിലും മറ്റും തകർന്ന മത്സ്യബന്ധനയാനങ്ങളുടെ നഷ്ടപരിഹാരത്തിനായി എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; നഷ്ടപരിഹാരം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പുനർഗേഹം പദ്ധതി

4785 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ പ്രാരംഭത്തിൽ ഉണ്ടായിരുന്ന നിർവ്വഹണ മാർഗ്ഗനിർദ്ദേശം, അർഹതാ മാനദണ്ഡങ്ങൾ എന്നിവയിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്;

(ബി) ആയവ നടപ്പാക്കുമ്പോൾ വന്ന മാറ്റങ്ങൾ വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

4786 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് മുൻ സർക്കാരിന്റേയും, നിലവിലെ സർക്കാരിന്റേയും കാലവയളവുകളിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുവാനുണ്ടെന്ന് വിശദമാക്കാമോ;

(സി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുവാൻ പ്രവൃത്തികളുണ്ടെങ്കിൽ അതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മുതലപ്പൊഴി ഹാർബർ അപകടങ്ങൾ ഒഴിവാക്കൽ

4787 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) മുതലപ്പൊഴിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് യഥാസമയം മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

## മുതലപ്പൊഴി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ്

4788 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങൾ പതിവായ മുതലപ്പൊഴി അഴിമുഖത്ത് മണ്ണ് അടിഞ്ഞുകൂടിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) മുതലപ്പൊഴി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകൾ</u>

4789 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തീരദേശ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതൊക്കെ തീരദേശ റോഡുകളുടെ വിശദമായ എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## <u>കൊയിലാണ്ടി ഹാർബറിലേക്കുള്ള ഗതാഗതമാർഗ്ഗം</u>

4790 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കൊയിലാണ്ടി-കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുതുക്കി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കാണിപ്പുഴ-പള്ളിമുക്ക് റോഡ് നിർമ്മാണം</u>

4791 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ കാണിപ്പുഴ-പള്ളിമുക്ക് റോഡിന്റെ നിർമ്മാണത്തിനായി മത്സ്യബന്ധന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>പയ്യന്നൂരിൽ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം</u>

4792 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പ്രവർത്തിച്ചുവരുന്ന ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

**കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ**

4793 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ?

**കോട്ടയം ജില്ലയിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

4794 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**ചെറുശ്ശേരി സ്മാരക നിർമ്മാണ പ്രവൃത്തി**

4795 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ബഡ്ജറ്റ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള ചെറുശ്ശേരി സ്മാരക നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

**രായിരനെല്ലൂർ തീർത്ഥാടന കേന്ദ്രം സംരക്ഷിക്കുന്നതിന് നടപടി**

4796 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഉൾപ്പെടുന്ന രായിരനെല്ലൂർ തീർത്ഥാടന കേന്ദ്രം സംരക്ഷിക്കുന്നതിന് സംസ്കാരിക വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഷാർജ പ്രോജക്ട്**

4797 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വൈക്കം മുഹമ്മദ് ബഷീർ സ്മാരകം ഉൾപ്പെടെയുള്ള ഷാർജ പ്രോജക്ട് പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കാൻ തീരുമാനമെടുത്തിരുന്നോ; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**പാലക്കാട് ജില്ലയിൽ നവോത്ഥാന കേന്ദ്രം**

4798 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ പേരിൽ ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എവിടെയാണ് നവോത്ഥാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

**കേരള കലാമണ്ഡലത്തിലെ റിട്ടയേർഡ് അദ്ധ്യാപകരുടെ പരാതി പരിഹരിക്കാൻ നടപടി**

4799 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(പി)നം. 29/2011/സി.എൽ.എ.ഡി തീയതി 01-03-2011 പ്രകാരം കേരള കലാമണ്ഡലത്തിൽ 15 വർഷത്തെ സേവനം പൂർത്തിയാക്കിയ 33 അധ്യാപകരുടെ യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിൽ അപാകതകൾ ഉണ്ടെന്ന് ഫോറം ഓഫ് കലാമണ്ഡലം യൂണിവേഴ്സിറ്റി റിട്ടയേർഡ് ടീച്ചേഴ്സ് (എഫ്.കെ.യു.ആർ.റ്റി) എന്ന സംഘടന നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ജി.സി. ശമ്പള പരിഷ്കരണം ബാധകമായവർക്ക് യഥാസമയം അപാകതകളില്ലാതെ ശമ്പള പരിഷ്കരണം ലഭ്യമാകാത്തതിനാൽ കലാമണ്ഡലത്തിലെ തന്നെ സംസ്ഥാന സർക്കാറിന്റെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിച്ച ക്ലാസ് 4 ജീവനക്കാർക്ക് ലഭിച്ച ഡി.സി.ആർ.ജി, പെൻഷൻ കമ്മ്യൂട്ടേഷൻ ആനുകൂല്യങ്ങളുടെ പകുതി പോലും മേൽപ്പറഞ്ഞ യു.ജി.സി. അധ്യാപകർക്ക് റിട്ടയർമെന്റ് സമയത്ത് ലഭിച്ചില്ല എന്ന പരാതി പരിശോധിച്ച് ഇത് സംബന്ധിച്ച അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം**

4800 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം**

4801 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനായി സാംസ്കാരിക വകുപ്പ് തുക അനുവദിച്ചിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ**

4802 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകിവരുന്ന പെൻഷൻ എത്രയാണെന്നും ഈ പെൻഷൻ എത്രപേർക്ക് നൽകുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പെൻഷനുവേണ്ടി പുതിയതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**തീയേറ്ററുകളിൽ സെൻസർ ബോർഡ് നിഷ്കർഷിക്കുന്ന പ്രായപരിധി മാനദണ്ഡം ഉറപ്പാക്കുന്നതിന് നടപടി**

4803 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമകൾ കാണുന്നതിന് സെൻസർ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ നിഷ്കർഷിക്കുന്ന പ്രായപരിധി മാനദണ്ഡം തീയേറ്ററുകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നിലവിലില്ലെങ്കിൽ ആയത് നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ?

**ചലച്ചിത്രങ്ങളിലെ വയലൻസ് രംഗങ്ങൾ ഒഴിവാക്കുന്നതിന് നടപടി**

4804 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലൻസ് പ്രമേയമാക്കിയുള്ളതും പല രംഗങ്ങളിലും ലഹരി ഉപയോഗിക്കുന്നതുമായുള്ള ചലച്ചിത്രങ്ങൾ യുവാക്കളിലും കുട്ടികളിലും ആക്രമണോത്സുകതയ്ക്കും ലഹരി ഉപയോഗിക്കുന്നതിനും പ്രചോദനമാകുന്നുവെന്ന സാമൂഹിക വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെയും യുവാക്കളെയും സ്വാധീനിക്കുന്ന വിധത്തിലുള്ള ഇത്തരം സീനുകൾ സിനിമകളിൽ നിന്നും നീക്കം ചെയ്യുന്നതിന് സെൻസർ ബോർഡുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം രംഗങ്ങൾ സ്വമേധയാ നീക്കുന്നതിനും ഭാവിയിൽ ഇത്തരം ദൃശ്യങ്ങളുള്ള ചലച്ചിത്രങ്ങൾക്ക് പ്രാധാന്യം നൽകാതിരിക്കാനും ചലച്ചിത്ര മേഖലയിലെ വിവിധ സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സിനിമകളിലെ ലഹരി, വയലൻസ് ദൃശ്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി</u>

4805 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) സിനിമകളിൽ കണ്ടുവരുന്ന ലഹരി ഉപയോഗവും വയലൻസ് ദൃശ്യങ്ങളും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>ഏറനാട് മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ</u>

4806 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജന ക്ഷേമ ബോർഡും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>യുവജനക്ഷേമ ബോർഡിൽ നിന്നും നൽകിയ കരാർ വർക്കുകൾ</u>

4807 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നും സെവൻ സ്റ്റാർ ഗ്രാഫിക്, അഴകത്ത് വീട്, വേങ്കവിള, പഴകുറ്റി പി.ഒ., നെടുമങ്ങാട് എന്ന സ്ഥാപനത്തിന് വിവിധ കരാറുകളിലും കോൺട്രാക്ട് വർക്കുകളിലുമായി ആകെ എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ടെന്നുള്ള വിവരം ഇനം, തീയതി, തുക എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും വർക്കുകൾ/കോൺട്രാക്ടുകൾ/കരാറുകൾ എന്നിവ നൽകിയത് സ്റ്റോർ പർച്ചേസ്/ കേരള ഫിനാൻഷ്യൽ കോഡ് എന്നീ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് യുവജനക്ഷേമ ബോർഡിൽ നിന്നും വിവിധ കരാറുകളും വർക്കുകളും മറ്റും നൽകിയത് ഇവരുടെ മുൻപരിചയം കണക്കിലെടുത്താണോയെന്ന്

അറിയിക്കാമോ; അല്ലെങ്കിൽ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വർക്കുകൾ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ</u>**

4808 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ശമ്പളം, മറ്റു പദ്ധതികൾ എന്നിങ്ങനെ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

**<u>യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയാൻ നടപടി</u>**

4809 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾ ലഹരിയിലേക്കും അമിത മദ്യപാനത്തിലേക്കും തിരിയുന്നതിന്റെ കാരണം യുവജനകാര്യ വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി നടത്തുന്ന ഇടപെടൽ എന്തൊക്കെയാണെന്നും ഇവ കാര്യക്ഷമമാണോയെന്നും വ്യക്തമാക്കുമോ;

(സി) യുവജനങ്ങൾക്കിടയിൽ ലഹരി വ്യാപനം വർദ്ധിക്കുന്നത് തടയാനായി വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>യുവാക്കൾ നടത്തുന്ന അതിക്രമങ്ങൾ തടയാൻ കർമ്മ പരിപാടി</u>**

4810 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾ നടത്തുന്ന ക്രൂരമായ അതിക്രമങ്ങൾ വർധിക്കുന്നത് യുവജനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യുവാക്കളുടെ ഇടയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് യുവജനകാര്യ വകുപ്പ് കർമ്മ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ; വിശദമാക്കുമോ?

**<u>യുവത മാസികയുമായി ബന്ധപ്പെട്ട പരാതിന്മേലുള്ള നടപടി</u>**

4811 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും പുറത്തിറക്കിയിരുന്ന യുവത മാസികയുമായി ബന്ധപ്പെട്ട് ബോർഡിലെ ഒരു ജീവനക്കാരൻ ബിനാമി സ്ഥാപനം വഴി സാമ്പത്തിക ക്രമക്കേട് നടത്തിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെടുകയോ ആയത് സംബന്ധിച്ച് പരാതി ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വിജിലൻസിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

4812 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, മാനസിക സംഘർഷം, അതിക്രമങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി കമ്മീഷൻ നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ;

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

## യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ

4813 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) യുവജനങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ സെമിനാറുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ലഹരി ഉപയോഗത്തിനെതിരെ യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് നടപടി

4814 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാൻ യുവജനക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്ന

നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം മൂലം സമൂഹത്തിലുണ്ടാകുന്ന അരക്ഷിതാവസ്ഥ മാറ്റുന്നതിനായി യുവജന സംഘടനകളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യവിപത്തുകൾക്കെതിരെ വാർഡുകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
11-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].